# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെമ്പായം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.6/912/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 30/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെമ്പായം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.6/912/2022 തീയ്യതി: 30/06/2022

# തിരുവനന്തപുരം ജില്ലയിലെ വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 11-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 38 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ കെ. | ഡെപ്യൂട്ടി ഡയറക്ടർ | 23-03-2022 | 02-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-03-2022 | 02-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മേരി ആൻഡ്രൂസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി ലിഷ കെ.വി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അൻവർരാജ് എം.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സ്വപ്ന എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി സീനത്ത് ബീവി | പ്രസിഡന്റ് | 01-04-2020 | 20-12-2020 |
| ശ്രീമതി ബീനാജയൻ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ റഫീഖ് ബി. | സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീ സന്തോഷ് കുമാർ ജെ.എസ്. | സെക്രട്ടറി | 15-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ദീപ സി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. സ്വിനോള സി.എൻ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. ആവിസ് ഫിലിപ്പ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2020 | 31-03-2021 |
| ഡോ. ലക്ഷ്മി പ്രിയ | മെഡിക്കൽ ഓഫീസർ,ഗവ.ഹോമിയോ ഡിസ്പെൻസറി | 01-04-2020 | 20-01-2021 |
| ഡോ. ഹേമ ശേഖർ ജെ. | മെഡിക്കൽ ഓഫീസർ,ഗവ.ഹോമിയോ ഡിസ്പെൻസറി | 21-01-2021 | 31-03-2021 |
| ശ്രീമതി ചിത്ര | വി.ഇ.ഒ I | 01-04-2020 | 31-03-2021 |
| ശ്രീമതി സഫീന എസ്. | വി.ഇ.ഒ II | 01-04-2020 | 31-03-2021 |
| ശ്രീമതി ഗീത ആർ. | ഐ സി ഡി സി സൂപ്പർവൈസർ | 01-04-2020 | 02-11-2020 |
| ശ്രീമതി പത്മ കുമാരി | ഐ സി ഡി സി സൂപ്പർവൈസർ | 02-11-2020 | 31-03-2021 |
| ശ്രീമതി കുമാരി ശ്രീദേവി സി.എസ്. | ഡയറി എക്സ്റ്റൻഷൻ ഓഫസർ | 01-04-2020 | 23-07-2020 |
| ശ്രീ.കൃഷ്ണകുമാർ ടി.ജെ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 24-07-2020 | 02-02-2021 |
| ശ്രീ.രാജീവ് സി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 02-02-2021 | 31-03-2021 |
| ശ്രീ.ഷറഫുദീൻ ഇ. | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി ജയകുമാരി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 20-06-2020 |
| ശ്രീമതി ശാന്തി ആർ.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 20-06-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ.സുരേഷ് ബാബു എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ. ഷൈലി എസ്. രാജു | മെഡിക്കൽ ഓഫീസർ, ഗവ.ആയുർവേദ ഡിസ്പെൻസറി | 01-04-2020 | 10-02-2021 |
| ഡോ. സിസിലറ്റ് കെ. | മെഡിക്കൽ ഓഫീസർ, ഗവ.ആയുർവേദ ഡിസ്പെൻസറി | 10-02-2021 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Swapna.S (Senior Grade Auditor, On 06-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 23-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Swapna.S (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-06-2022) | 1-2 |
| 3 | ഗ്രാന്റ് യൂട്ടിലൈസേഷൻ<br>Written By: Swapna.S (Senior Grade Auditor, On 06-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-06-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Lisha.K.V (Asst. Audit Officer, On 06-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 23-06-2022) | 1-4 |
| 5 | ക്ഷേമ പദ്ധതികൾ<br>Written By: Mary Andrews (Audit Officer, On 07-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 23-06-2022) | 1-5 |
| 6 | പണം നീക്കിയിരിപ്പ് പരിശോധന<br>Written By: Anwar Raj.M (Senior Grade Auditor, On 03-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 23-06-2022) | 1-6 |
| 7 | ആഭ്യന്തരനിയന്ത്രണം<br>Written By: Mary Andrews (Audit Officer, On 07-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 23-06-2022) | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Mary Andrews (Audit Officer, On 07-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-06-2022) | 1-8 |
| 9 | ഡി & ഒ ലൈസൻസ്: അപാകതകൾ<br>Written By: Swapna.S (Senior Grade Auditor, On 06-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-06-2022) | 1-9 |
| 10 | വാടക പിരിച്ചെടുക്കുന്നതിൽ കുറവ്<br>Written By: Swapna.S (Senior Grade Auditor, On 06-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 23-06-2022) | 1-10 |
| 11 | തൊഴിൽ നികുതി അപാകതകൾ<br>Written By: Swapna.S (Senior Grade Auditor, On 06-04-2022)<br>Last Updated By: Lisha.K.V (Asst. Audit Officer, On 30-06-2022) | 1-11 |
| 12 | വസ്തു നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Swapna.S (Senior Grade Auditor, On 05-05-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-12 |
| 13 | സാമൂഹ്യ സുരക്ഷാ പെൻഷൻ<br>Written By: Lisha.K.V (Asst. Audit Officer, On 30-06-2022)<br>Last Updated By: Lisha.K.V (Asst. Audit Officer, On 30-06-2022) | 1-13 |
| 14 | സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു.<br>Written By: Lisha.K.V (Asst. Audit Officer, On 05-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-06-2022) | 1-13-1 |
| 15 | സാമൂഹ്യ സുരക്ഷാ പെൻഷൻ-സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല.<br>Written By: Lisha.K.V (Asst. Audit Officer, On 05-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-06-2022) | 1-13-2 |
| 16 | സർവ്വീസ് പെൻഷണേഴ്സിന് ക്ഷേമ പെൻഷൻ വിതരണം.<br>Written By: Lisha.K.V (Asst. Audit Officer, On 05-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 23-06-2022) | 1-13-3 |
| 17 | തൊഴിൽ രഹിത വേതനം വിതരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. 198000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-13-4 |

| | | |
|---|---|---|
| | Written By: Lisha.K.V (Asst. Audit Officer, On 05-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 23-06-2022) | |
| 18 | മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കിയ പദ്ധതി - അപാകതകൾ - 210000-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Mary Andrews (Audit Officer, On 13-05-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-14 |
| 19 | എ ഇ ഓഫീസിന് വാഹന സൌകര്യം ഏർപ്പെടുത്തൽ- കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല.<br>Written By: Lisha.K.V (Asst. Audit Officer, On 05-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 23-06-2022) | 1-15 |
| 20 | COVID-19 – ആർട്ട്കോയിൽ നിന്നു വാങ്ങിയ കട്ടിലുകളുടെ വിനിയോഗം.<br>Written By: Mary Andrews (Audit Officer, On 07-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 23-06-2022) | 1-16 |
| 21 | ഹോമിയോ ആശുപത്രിക്ക് മരുന്ന്-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: Anwar Raj.M (Senior Grade Auditor, On 03-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 23-06-2022) | 1-17 |
| 22 | പാലിയേറ്റീവ് കെയർ - വയോജനക്ഷേമം മരുന്ന് വിതരണം -അപാകങ്ങൾ<br>Written By: Anwar Raj.M (Senior Grade Auditor, On 03-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 23-06-2022) | 1-18 |
| 23 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- അപാകങ്ങൾ<br>Written By: Anwar Raj.M (Senior Grade Auditor, On 03-05-2022)<br>Last Updated By: Lisha.K.V (Asst. Audit Officer, On 30-06-2022) | 1-19 |
| 24 | തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് മരുന്നു വാങ്ങി നൽകൽ -അപാകങ്ങൾ<br>Written By: Anwar Raj.M (Senior Grade Auditor, On 23-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-06-2022) | 1-20 |
| 25 | വീട് മെയിന്റനൻസ് എസ്.സി - പൂർത്തിയാക്കിയിട്ടില്ല.<br>Written By: Anwar Raj.M (Senior Grade Auditor, On 05-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-06-2022) | 1-21 |
| 26 | രസീതുകൾ ഒപ്പില്ലാതെ വിതരണം ചെയ്തിരിക്കുന്നു<br>Written By: Anwar Raj.M (Senior Grade Auditor, On 03-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-06-2022) | 1-22 |
| 27 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Lisha.K.V (Asst. Audit Officer, On 06-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-06-2022) | 1-23 |
| 28 | റോഡ് കണക്ടിവിറ്റി പ്ലാൻ , മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.<br>Written By: Lisha.K.V (Asst. Audit Officer, On 06-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-06-2022) | 1-24 |
| 29 | ഇ എം എസ് ഭവന പദ്ധതിയുടെ ബാലൻസ് തുക ലൈഫ് പദ്ധതി അക്കൌണ്ടിലേക്ക് മാറ്റുന്നത്-തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.<br>Written By: Lisha.K.V (Asst. Audit Officer, On 06-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-06-2022) | 1-25 |
| 30 | സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയില്ല.<br>Written By: Lisha.K.V (Asst. Audit Officer, On 06-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-06-2022) | 1-26 |
| 31 | വാതക ശ്മശാന നിർമ്മാണം പൂർത്തിയായിട്ടില്ല.<br>Written By: Lisha.K.V (Asst. Audit Officer, On 06-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-06-2022) | 1-27 |
| 32 | ജനറൽ കമ്മറ്റി മിനിട്ട്സ് തീരുമാനങ്ങൾ - തുടർ നടപടികൾ.<br>Written By: Mary Andrews (Audit Officer, On 07-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-06-2022) | 1-28 |
| 33 | അങ്കണവാടികളുടെ വിശദവിവരം.<br>Written By: Mary Andrews (Audit Officer, On 12-05-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-29 |
| 34 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം | 1-30 |

| | | |
|---|---|---|
| | ഹാജരാക്കിയില്ല- 4043808 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Mary Andrews (Audit Officer, On 13-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-06-2022) | |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകളുടെ വിശദാംശം<br>Written By: Swapna.S (Senior Grade Auditor, On 05-05-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം.<br>Written By: Swapna.S (Senior Grade Auditor, On 05-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Mary Andrews (Audit Officer, On 12-05-2022)<br>Last Updated By: Mary Andrews (Audit Officer, On 01-06-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Swapna.S (Senior Grade Auditor, On 05-05-2022)<br>Last Updated By: Mary Andrews (Audit Officer, On 01-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Mary Andrews (Audit Officer, On 13-05-2022)<br>Last Updated By: Mary Andrews (Audit Officer, On 01-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Mary Andrews (Audit Officer, On 13-05-2022)<br>Last Updated By: Mary Andrews (Audit Officer, On 01-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഖണ്ഡികകളുടെ വിവരം<br>Written By: Mary Andrews (Audit Officer, On 13-05-2022)<br>Last Updated By: Mary Andrews (Audit Officer, On 01-06-2022) | 4-7 |
| 8 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Mary Andrews (Audit Officer, On 13-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 28-05-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Mary Andrews (Audit Officer, On 13-05-2022)<br>Last Updated By: Lisha.K.V (Asst. Audit Officer, On 30-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Mary Andrews (Audit Officer, On 13-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 27.03.2020 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 18.02.2021 തീയതിയിലെ 4-2 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. റിവൈസ്ഡ് ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ 22,76,60,657/- രൂപ വരവും 17,55,62,427/-രൂപ ചെലവും നീക്കിയിരിപ്പ് 5,20,98,230/- രൂപയുമാണ്.

അപാകതകൾ

1-1 1. പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല :-

ജി.ഒ(ആർ.റ്റി)നം. 3291/16/എൽ.എസ്.ജി.ഡി തീയതി 02.12.2016 ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.പെർഫോമൻസ് ബജറ്റ്

പ്രസ്തുത രേഖകൾ ഉൾപ്പെട്ട ബജറ്റുമായി ബന്ധപ്പെട്ട ഫയൽ ഓഡിറ്റിനായി ഹാജരാക്കിയില്ല.

2. 2.12.2016-ലെ ജി.ഒ(ആർ.റ്റി)നം.3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review) നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും ഒന്നാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടത്തിയത് സംബന്ധിച്ച രേഖകൾ ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി നം.24/2020-21 തീയതി 31.03.2021 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2020-21സാമ്പത്തിക വർഷത്തെ സംബന്ധിച്ച്) നടത്തിയത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല

പ്രതിമാസവും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi)വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. പഞ്ചായത്ത്‌രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിൽ വകയിരുത്തിയതിനെക്കാൾ അധികമായും തുക ചെലവഴിച്ചിട്ടുണ്ട്. പാസ്സാക്കിയ ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നെങ്കിൽ അപ്രകാരം ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ലിമെന്ററി ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയും ഭരണസമിതി അംഗീകരിക്കുകയും വേണം (214(5)). അത്തരത്തിൽ സപ്ലിമെന്ററി ബജറ്റ് പാസ്സാക്കിയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

4. 2019-20 പുതുക്കിയ ബജറ്റും വാർഷിക ധനകാര്യ പത്രികയും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ.

I) വരവിനങ്ങൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ബജറ്റിൽ കൂടുതൽ ആയോ കുറവായോ ഉൾപ്പെടുത്തിയിരിക്കുന്നു. ഉദാഹരണം ചുവടെ.

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 1101001 | വസ്തു നികുതി | 6500000 | 6072192 |
| 2 | 1102001 | തൊഴിൽ നികുതി | 2000000 | 1877077 |
| 3 | 1301001 | സ്ഥലങ്ങളുടേയും കെട്ടിടങ്ങളുടേയും വാടക | 175000 | 265636 |

Ii) 20-21ലെ ബജറ്റ്, 20-21ലെ റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് എന്നിവയിൽ വകയിരുത്താതെ / വകയിരുത്തിയതിനെക്കാൾ അധികമായി തുക ചെലവഴിച്ചിട്ടുണ്ട്. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഹെഡ് ഓഫ് അക്കൌണ്ട്. | ഇനം | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|---|
| 1 | 2501001 | കൃഷിയും അനുബന്ധ മേഖലയും- നെൽകൃഷി | - | 100214 | 117014 |
| 2 | 2501003 | കൃഷിയും അനുബന്ധ മേഖലയും - മറ്റു കാർഷിക വികസന പരിപാടികൾ | - | 66428 | 90690 |
| 3 | 2501009 | കൃഷിയും അനുബന്ധ മേഖലയും-തെങ്ങ് കൃഷി | - | 259500 | 357875 |
| 4 | 2501011 | കൃഷിയും അനുബന്ധ മേഖലയും- പച്ചക്കറി | - | - | 204000 |
| 5 | 2501013 | കൃഷിയും അനുബന്ധ മേഖലയും - കിഴങ്ങ് വിളകൾ | - | - | 250000 |
| 6 | 2501026 | കൃഷിയും അനുബന്ധ മേഖലയും -കൃഷി അനുബന്ധ സൗകര്യങ്ങൾ | - | - | 26446 |
| 7 | 250103202 | മൃഗസംരക്ഷണം- ആട് വളർത്തൽ (എസ്.സി.പി) | - | - | 160000 |
| 8 | 250103203 | മൃഗസംരക്ഷണം- ആട് വളർത്തൽ (T S P) | - | - | 48000 |

| | | | | | |
|---|---|---|---|---|---|
| 9 | 250103302 | ക്ഷീരവികസനം-എരുമ (എസ് സി പി) | - | - | 40000 |
| 10 | 250103302 | ക്ഷീരവികസനം-എരുമ (റ്റി എസ് പി) | - | - | 16000 |

ഇത്തരത്തിൽ ധാരാളം ചെലവ് ചെയ്തിട്ടുള്ളതിനാൽ മേൽ പട്ടിക പൂർണ്ണമല്ല. ബജറ്റിൽ നിന്ന് വ്യതിചലിക്കുന്നത് ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്; ചെലവിന്റെ കാര്യത്തിൽ പ്രത്യേകിച്ചും. ആവശ്യമായ ബജറ്റ് വകയിരുത്തൽ ഇല്ലാതെ യാതൊരു ചെലവും ചെയ്യാൻ പാടില്ല എന്ന് കേരളാ പഞ്ചായത്ത്‌രാജ് നിയമത്തിലെ വകുപ്പ് 214(6), 214(8) എന്നിവയിൽ സൂചിപ്പിച്ചിട്ടുണ്ട്. മേൽ പട്ടികയിൽ പറയും പ്രകാരം ചെലവ് നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 24/2020-21തീയതി31.03.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2021 | 07.07.2021 |

അക്കൌണ്ട് പരിശോധന യിൽ കണ്ടെത്തിയ അപാകതകൾ.

1. 2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൌണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2. പഞ്ചായത്തിന്റെ ദുരിതാശ്വാസനിധിയുടെ B-2 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 45610/-രൂപയും B-17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 44402/-രൂപയുമാണ്. പ്രസ്തുത വ്യത്യാസത്തിന്റെ കാരണം ലഭ്യമാക്കേണ്ടതാണ്. ദുരിതാശ്വാസനിധിയുടെ പാസ്ബുക്ക്/ ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് നൽകിയില്ല.

3. 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക B-4 Schedule പ്രകാരം തനതു ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിച്ച തുക 2020-21 വർഷവും ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ഹെഡ്ഡ്കോഡ് | 2019-20 വർഷത്തെ എ.എഫ്.എസ് B-4 Schedule പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക | 2020-21 വർഷത്തെ എ.എഫ്.എസ് B-4 Schedule പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|
| 320200202 | 270618 | 270618 |

| ഹെഡ്സ്കോഡ് | 2019-20 വർഷത്തെ എ.എഫ്.എസ് B-4 Schedule പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക | 2020-21 വർഷത്തെ എ.എഫ്.എസ് B-4 Schedule പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|
| 320700204 | 921785 | 901785 |
| 320700205 | 515775 | 415775 |

പ്രസ്തുത തുകകൾ ക്രഡിറ്റ് ചെയ്തിട്ടുള്ള അക്കൗണ്ടിന്റെ വിശദാംശം, പ്രസ്തുത ഫണ്ടുകളുമായി ബന്ധപ്പെട്ട പദ്ധതികൾ, പ്രസ്തുത തുകകൾ വർഷങ്ങളായി ചെലവഴിക്കാത്തതിനും ആയത് ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ തിരികെ അടവാക്കാത്തതിനുള്ള കാരണം എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

4. 2019-20 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബി4 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന ഇനങ്ങൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 320200322 | Grants From Suchitwa Mission | 5943654 |
| 2 | 320200399 | Grants, Funds &Contributions For Specific Purposes-Other Government Agencies- | 66000 |
| 3 | 320700204 | Contributions For Joint Venture Projects For Revenue Expenditure- From Block Panchayats | 901785 |
| 4 | 320700102 | Contributions For Joint Venture Projects For Capital Expenditure- From Municipal Corporations | 3272866 |
| 5 | 320700205 | Contributions For Joint Venture Projects For Revenue Expenditure- From District Panchayats | 415775 |
| 6 | 320800101 | Beneficiary Contributions | 177203 |

പ്രസ്തുത തുകകൾ ക്രഡിറ്റ് ചെയ്തിട്ടുള്ള അക്കൗണ്ടിന്റെ വിശദാംശം, പ്രസ്തുത ഫണ്ടുകളുമായി ബന്ധപ്പെട്ട പദ്ധതികൾ, പ്രസ്തുത തുകകൾ വർഷങ്ങളായി ചെലവഴിക്കാത്തതിനും ആയത് ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ തിരികെ അടവാക്കാത്തതിനും കാരണം എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

5. 2020-21 സാമ്പത്തിക വർഷത്തെ B4 ഷെഡ്യൂളിലെ ഗുണഭോക്തൃ വിഹിതം ഇനത്തിൽ 177203/-രൂപ നീക്കിയിരിപ്പുണ്ട്.

മേൽ തുകയുമായി ബന്ധപ്പെട്ട പദ്ധതിയുടെ വിശദാംശം, തുക ചെലവ് ചെയ്യാത്തതിന് കാരണം എന്നിവ ലഭ്യമാക്കിയിട്ടില്ല

6. KURDFC ലോണുമായി ബന്ധപ്പെട്ട് വാർഷിക ധനകാര്യ പത്രികയിൽ നിന്നും ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു. ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചുവടെ ചേർത്തിരിക്കുന്ന തുകകളുടെ ആധികാരികത പരിശോധിക്കുവാൻ കഴിഞ്ഞില്ല.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 72492941 | 6280000 | 78772941 | 6320941 | 72452000 |

7. B5 ഷെഡ്യൂളിലെ നീക്കിയിരിപ്പും (72452000) B16 ഷെഡ്യൂളിലെ നീക്കിയിരിപ്പും (69232000) പൊരുത്തപ്പെടുന്നില്ല. വ്യത്യാസമുള്ള 3220000/- രൂപ ക്രഡിറ്റ് ചെയ്ത അക്കൗണ്ട് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

8. 2019-20 സാമ്പത്തിക വർഷത്തെ B-7, RP-34(വരവ്), RP-34(ചെലവ്), 2020-21 സാമ്പത്തിക വർഷത്തെ B-7 എന്നീ ഷെഡ്യൂളുകൾ പ്രകാരം വിവിധ ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| Contractors EMD | 189230 | 7500 | 15000 | 181730 |
| Suppliers EMD | 10725 | 0 | 0 | 10725 |
| Bidders EMD | 114910 | 5800 | 9100 | 111610 |
| Contractors Security Deposit | 77275 | 13215 | 17315 | 73175 |
| Suppliers Security Deposit | 89297 | 45374 | 21505 | 113166 |
| Bidders Security Deposit | 3000 | 0 | 0 | 3000 |
| Contractors Retention | 38626 | 11359 | 0 | 49985 |
| Other Deposit | 52139 | 750 | 3819 | 49070 |
| Rent Deposit | 23287 | 0 | 0 | 23287 |
| Auction Deposit | 65000 | 88100 | 0 | 153100 |
| Deposit Received For Halls & | 500 | 0 | 0 | 500 |

| | | | | |
|---|---|---|---|---|
| Auditoriums | | | | |
| Road Cutting Deposit | 9670 | 3000 | 0 | 12670 |

മേൽ ഡെപ്പോസിറ്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത പരിശോധിക്കുവാനായി ഡെപ്പോസിറ്റ് രജിസ്റ്റർ ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല.

Suppliers EMD, Bidders Security Deposit, Rent Deposit, Deposit Received For Halls & Auditoriums എന്നീ ഇനങ്ങളിൽ നീക്കിയിരിപ്പുള്ള തുക 2019-20 മുതൽ നീക്കിയിരിപ്പുള്ള തുകയാണ്. കേരള ഫിനാൻഷ്യൽ കോഡ് വാള്യം-I ആർട്ടിക്കിൾ 282(1) പ്രകാരം മൂന്ന വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ച വാങ്ങാതെയും ഉള്ള തുകകൾ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. ഇത്തരത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

9. ചുവടെ ചേർക്കുന്ന ചെലവുകൾ 2021 ഏപ്രൽ മാസത്തെ വൗച്ചർ പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ആയത് 2020-21 വർഷത്തെ എ.എഫ്.എസിലെ ബി-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം | ഇനം | തുക | വൗച്ചർ നം /തീയതി |
|---|---|---|---|
| 1 | MGNREGS ജീവനക്കാരുടെ വേതനം | 130620 | 22100007/ 03.04.2021 |
| 2 | ജനപ്രതിനിധികളുടെ മാർച്ച് മാസത്തെ ഓണറേറിയം | 156800 | 22100008-13/ 03.04.2021 |
| 3 | Salary Of Technical Assistant | 30995 | 22100014/03.04.2021 |

10. B-9 ഷെഡ്യൂളിലെ ചുവടെ ചേർക്കുന്ന നീക്കിയിരിപ്പുകൾ പരിശോധിക്കുന്നതിനുള്ള രേഖകൾ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 12/20-21 തീയതി 26.03.2022 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല.

| | |
|---|---|
| Government And Other Dues Payable-Library Cess | 207270.85 |
| Government And Other Dues Payable-VAT | 25786 |
| Flood Cess | 1045 |
| Government And Other Dues Payable-CGST | 5129 |
| Government And Other Dues Payable-SGST | 5129 |
| Other Liabilities | 106825 |

Government And Other Dues Payable-VAT ൽ നീക്കിയിരിപ്പായുള്ള തുക 2019-20 ലെ നീക്കിയിരിപ്പ് തന്നെയാണ് .

11. B-9 ഷഡ്യൂളിലെ Liability In Respect Of Stale Cheque ഇനത്തിലെ 103408/-രൂപ നീക്കിയിരിപ്പുണ്ട്. ആയത് വരുമാന ശീർഷകത്തിൽ മാറ്റുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദാംശം നൽകിയില്ല.

12. B-18 ഷെഡ്യൂളിലെ നീക്കിയിരിപ്പിന്റെ ആധികാരികത പരിശോധിക്കുന്നതിനായി അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

13. സാമ്പത്തിക വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories)-ൽ ഉൾപ്പെടുത്തിയിട്ടില്ല. 140/-രൂപയുടെ Stock In Hand മാത്രമേ ഈ ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

14. 2018-19 സാമ്പത്തിക വർഷത്തെ AFS പ്രകാരം സംയുക്ത പ്രോജക്ടുകൾ ലഭിച്ച തുക നീക്കിയിരിപ്പായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് (ചെലവ് പത്രിക പ്രകാരം) | നീക്കിയിരിപ്പ് (B4 ഷെഡ്യൂൾപ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|---|
| 320700204 | Joint Venture -Revenue Expenditure – Block Panchayath | 921785 | 7619964 (RP7) | 7639964 | 901785 | - |
| 320700205 | Joint Venture -Revenue Expenditure -District Panchayath | 515775 | 4187107 (RP7) | 4287107 | 415775 | - |
| 320700102 | Joint Venture – Capital/ Revenue Expenditure -Municipal Corporations | 0 | 23,27,134 (RP 7) 3272866 ( RP 31) | സുലേഖാ ചെലവ് പത്രിക പ്രകാരം രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. | 3272866* | വരവ്, ചെലവ് , നീക്കിയിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല |

B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിൽ നീക്കിയിരിപ്പായ തുക 45,90,426/- രൂപയാണ്.

എന്നാൽ ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരിപ്പായ തുക 10,00,000/-രൂപയാണ്. B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ട്രഷറി ടി.എസ്.ബി ജോയിന്റ് വെൻഞ്ചർ അക്കൗണ്ടിലെ നീക്കിയിരിപ്പും തമ്മിൽ വ്യത്യാസം വന്നതിന് കാരണം ലഭ്യമാക്കിയില്ല. കൂടാതെ മുൻസിപ്പൽ കോർപ്പറേഷനിൽ നിന്നുള്ള വിഹിതത്തിന്റെ ചെലവ് സംബന്ധിച്ച് വിശദാംശം ലഭ്യമല്ല.

* B4 ഷെഡ്യൂളിൽ മുൻസിപ്പൽ കോർപ്പറേഷനിൽ നിന്ന് ലഭിച്ച ഫണ്ടിൽ നീക്കിയിരിപ്പായ തുക 3272866/-രൂപ ആണ്. റെവന്യ എക്സ്പെന്റിച്ചർ ഇനത്തിൽ ലഭ്യമായ തുക പൂർണ്ണമായും ചെലവഴിച്ചിരുന്നോ എന്നത് സംബന്ധിച്ച വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

15. വാർഷിക ധനകാര്യ പത്രികയിലെ RP40B പ്രകാരമുള്ള വിവിധ അക്കൌണ്ടുകളുടെ നീക്കിയിരിപ്പ് പരിശോധിക്കാനാവശ്യമായ ബാങ്ക് സ്റ്റേറ്റ്മെന്റ്, ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഓഡിറ്റ് റിക്വിസിഷൻ, എൻക്വയറി എന്നിവ പ്രകാരം ആവശ്യപ്പട്ടെങ്കിലും ലഭ്യമാക്കാത്തതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

16. വരവിനങ്ങളായ തൊഴിൽ നികുതി, ലേലം, ലൈസൻസ്, വാടക എന്നിവയുടെ രജിസ്റ്ററുകളിൽ ഡി.സി.ബി പത്രിക സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോട് കൂടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ രേഖപ്പെടുത്തലുകളുടെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല.

17. കേരള പഞ്ചായത്ത്രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ആവശ്യമായ രേഖകൾ സമർപ്പിക്കാത്തതിനാൽ, ഈ നടപടി ക്രമം ഗ്രാമ പഞ്ചായത്തിൽ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

18. എം.എൻ.ആർ.ഇ.ജി.എസ് ചെലവ് തുക RP ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

അക്കൌണ്ട്സ് പരിശോധനാ വേളയിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നമ്പർ 12 /2020-21 തീയതി 26.03.2022 , 32/2020-21 തീയതി 02.04.2022 ) ഓഡിറ്റ് റിക്വിസിഷൻ (1/20-21 തീയതി 26.03.2022) എന്നിവയ്ക്ക് മറുപടി നൽകാത്തതിനാൽ അക്കൌണ്ട്സിന്റെ ആധികാരികത ഓഡിറ്റിനു പൂർണ്ണമായി ബോധ്യപ്പെട്ടിട്ടില്ല.

## 1-3 ഗ്രാന്റ് യൂട്ടിലൈസേഷൻ

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 15097568 | 15097568 | 21081450* | -5983882* |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6868491 | 6868491 | 5519330** | 1349161** |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 520000 | 520000 | 270881 | 249119 |
| Maintanance Fund(nonroad) | 0 | 7689432 | 7689432 | 7671639 | 17793 |
| Maintanance Fund(road) | 0 | 24249000 | 24249000 | 24221518 | 27482 |
| Development Fund (CFC Untied) | 0 | 22248428 | 22248428 | 17741653 | 4506775 |
| Development Fund (CFC Tied) | 0 | 9910000 | 9910000 | 5453078 | 4456922 |
| CSS*** | 0 | 0 | 0 | 3303165 | -3303165 |
| SSS**** | 0 | 0 | 0 | 3560000 | -3560000 |

*വികസനഫണ്ട് (ജനറൽ)ACRപ്രകാരമുള്ള ചെലവ് 15097018/-രൂപയാണ്; ACRപ്രകാരമുള്ള നീക്കിയിരിപ്പ് 550/-രൂപയാണ്.

** വികസനഫണ്ട് (എസ്.സി.പി) എ.സി.ആർ പ്രകാരമുള്ള ചെലവ് 5182821/-രൂപയാണ്; ACRപ്രകാരമുള്ള നീക്കിയിരിപ്പ് 1685670/-രൂപയാണ്.

*** കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെയും സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെയും ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനായി ലഡ്ജർ, ബാങ്ക് സ്റ്റേറ്റ്മെന്റുകൾ, ചെലവ് രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വികസനഫണ്ട് (ജനറൽ) നീക്കിയിരിപ്പ് (-Ve) ആയതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

ഗ്രാന്റ് യൂട്ടിലൈസേഷൻ- മറ്റ് അപാകതകൾ

A) B-4 Schedule പ്രകാരമുള്ള തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

വാർഷിക ധനകാര്യപത്രിക B-4 Schedule പ്രകാരം അവശേഷിക്കുന്ന താഴെപ്പറയുന്ന ഹെഡ്ഡിലെ തുക 2019-20 മുതൽ തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്നു. അത് വിനിയോഗിക്കാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. വിശദാംശം ചുവടെ.

| ഹെഡ്ഡ് കോഡ് | തുക |
|---|---|
| 320200202 | 270618 |

B) പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു.

| ഹെഡ്ഡ് കോഡ് | തുക |
|---|---|
| 320100101 | 13760 |
| 320100121 | 790382 |
| 320200324 | 290130 |
| 320200322 | 5943654 |
| 320200399 | 66000 |
| 320400199 | 2853300 |
| 320700102 | 3272866 |
| 320700204 | 901785 |
| 320700205 | 415775 |
| 320800101 | 177203` |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസിയുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയില്ല. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാധ്യത ശീർഷകത്തിൽ നിന്നും ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും ലഭ്യമാക്കിയില്ല.

C) സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം-അപാകതകൾ

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)7/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന., 24.01.2019ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. 31.03.2021ലെ നീക്കിയിരിപ്പ് 1000000/-രൂപയാണ്

D) ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.

B-4 Schedule പ്രകാരം 177203/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നു. നീക്കിയിരിപ്പുള്ള ഗുണഭോക്തൃവിഹിതം ഏതിനത്തിലുള്ളതാണെന്നും പ്രോജക്ട് നം., വർഷം, നിർവ്വഹണ ഉദ്യോഗസ്ഥൻ, പ്രോജക്ട് സ്പിൽ ഓവർ ആക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം എന്നിവ സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

ഗ്രാന്റ് യൂട്ടിലൈസേഷൻ - വിനിയോഗത്തിലെ അപാകതകൾ

1. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാ ഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വനിതാഘടക പദ്ധതിയ്ക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക 2581700/-രൂപയാണ്. ഈയിനത്തിൽ ആകെ 5640742/-രൂപ വനിതാഘടക പദ്ധതിയ്ക്കായി അടങ്കൽ വകയിരുത്തുകയും 1391335/-രൂപ മാത്രം ചെലവഴിക്കുകയുമാണ് ചെയ്തിട്ടുള്ളത്. വകയിരുത്തിയതിന്റെ 24% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. പദ്ധതി തുക വിനിയോഗിക്കുന്നതിൽ കുറവ് വന്നതിന്റെ കാരണം ലഭ്യമാക്കിയില്ല.

2. സ.ഉ(കൈ)നം.11/2018/തസ്വഭവ തീയതി 29.1.2018 ഖണ്ഡിക 5.2.6. പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ വകയിരുത്തലിനായി നിർദ്ദേശിച്ചിരിക്കുന്നതാണ് അഗതിരഹിത കേരളം പദ്ധതി. 2020-21 വർഷം വെമ്പായം ഗ്രാമപഞ്ചായത്തിൽ അനിവാര്യ വകയിരുത്തലിൽ ഉൾപ്പെടുന്ന അഗതിരഹിത കേരളം പദ്ധതിക്ക് പ്രോജക്ട് വയ്ക്കുകയോ തുക വകയിരുത്തുകയോ ചെയ്യാതിരുന്നതിന് കാരണം ലഭ്യമല്ല.

3. 15.07.2021-ലെ സ.ഉ (കൈ) നം.79/2021/ധന. പ്രകാരം 2020-21 സാമ്പത്തിക വർഷം അനുവദിച്ച വികസനഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവയിൽ ആ വർഷം ചെലവഴിക്കാത്ത ഫണ്ട് തൊട്ടടുത്ത വർഷം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ പരമാവധി 20% വരെ മാത്രമാണ് ഇപ്രകാരം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുള്ളത്. ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്.

2020-21 സാമ്പത്തിക വർഷത്തിൽ വികസനഫണ്ട് (ജനറൽ, എസ്.സി.പി, റ്റി.എസ്.പി) സംരക്ഷണ ഫണ്ട്(റോഡ്) എന്നിവയിൽ ലാപ്സായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അനുവദിച്ച തുക₹ | ചെലവ് തുക₹ | നീക്കിയിരിപ്പ് തുക₹ | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 28766499 | 21081450 | 7685049 | 73.3 |
| വികസനഫണ്ട്(എസ്.സി.പി) | 9087447 | 5519330 | 3568117 | 60.72 |
| വികസനഫണ്ട് (റ്റി.എസ്.പി) | 520000 | 270881 | 249119 | 52.09 |
| സംരക്ഷണഫണ്ട് (റോഡ്) | 31049712 | 24221518 | 6828194 | 78.01 |

4. 12.03.2021-ലെ സ.ഉ(സാധാ) നം.2247/2021/ധന., 26.02.2021-ലെ സ.ഉ(സാധ)നം.622/2021/തസ്വഭവ. എന്നിവ പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ ലഭിച്ച ധനകാര്യ കമ്മീഷൻ വിഹിതമൊഴിച്ചുള്ള വികസന ഫണ്ട് 90 ശതമാനത്തിന് മുകളിൽ ചെലവഴിച്ച ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 25 ശതമാനം തുക എന്ന പരിധിയ്ക്ക് വിധേയമായി ക്യാരി ഓവർ ചെയ്ത തുകയോ ഏതാണോ കൂടുതൽ അതിൽ പരിമിതപ്പെടുത്തി പണം അനുവദിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് 2020-21-ൽ വികസനഫണ്ട് 70.02% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. വികസന ഫണ്ട് പൊതുവിഭാഗത്തിൽ ₹2099321/-, എസ് സി പി വിഭാഗത്തിൽ ₹2021116/-, റ്റി എസ് പി വിഭാഗത്തിൽ ₹78000/- എന്നിങ്ങനെ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് 2020-21 ബജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് 90 ശതമാനത്തിനു മുകളിൽ ഫണ്ട് ചെലവഴിച്ചിരുന്നെങ്കിൽ പൊതുവിഭാഗത്തിൽ മേൽ തുകകൾ അധിക അലോട്ട്മെന്റായി ലഭിക്കുമായിരുന്നു. യഥാസമയം പണം ചെലവഴിക്കാതിരുന്നതിനാൽ പൊതു വിഭാഗത്തിൽ ₹2099321/-, എസ് സി പി വിഭാഗത്തിൽ ₹2021116/-, റ്റി എസ് പി വിഭാഗത്തിൽ ₹78000/- എന്നിങ്ങനെ തുക നഷ്ടമായിട്ടുണ്ട്.

## 1-4 പദ്ധതി അവലോകനം

### എ) പദ്ധതി അവലോകനം

2020-21 ൽ വെമ്പായം ഗ്രാമപഞ്ചായത്തിൽ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 252 | 206739940 | 187 | 113817150 | - | 65 | 74% |

### ബി. പദ്ധതി ആസൂത്രണം

#### 1 . ആസൂത്രണ കമ്മറ്റി മിനുട്സ്

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ

പുനഃസംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ആസൂത്രണ സമിതി 31-1-20 ലെ 1(1) തീരുമാന പ്രകാരം പുനസംഘടിപ്പിച്ചതായി മറുപടി നൽകിയിട്ടുണ്ട്. എന്നാൽ 2020-21 വർഷത്തെ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട ആസൂത്രണ കമ്മറ്റി മിനുട്സ് പരിശോധനക്കായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല .

2 . സ്റ്റിയറിംഗ് കമ്മറ്റി

കേരള പഞ്ചായത്ത്‌രാജ് ആക്റ്റ് സെക്ഷൻ 162 ബി പ്രകാരം ഓരോ പഞ്ചായത്തിലും സ്റ്റിയറിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും, സ്റ്റിയറിംഗ് കമ്മറ്റി സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും മോണിട്ടർ ചെയ്യുകയും പഞ്ചായത്ത് അതിന് ഭാരമേൽപിക്കുന്ന മറ്റ് അധികാരങ്ങളും ചുമതലകളും നിർവഹിക്കേണ്ടതും ആണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നാളിതു വരെ സ്റ്റിയറിംഗ് കമ്മറ്റി രൂപീകരിച്ചിട്ടില്ല. കമ്മറ്റി രൂപീകരിക്കുന്നതിന് നടപടികൾ എടുക്കേണ്ടതാണ് . സ്റ്റാൻഡിംഗ് കമ്മറ്റികളും രൂപീകരിക്കുകയോ യോഗം ചേരുകയോ ചെയ്തിട്ടില്ല.

വികസന സെമിനാർ

20-21 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വികസന സെമിനാർ ചേർന്നിട്ടില്ല. യോഗ മിനുട്സിൽ 20-21 വർഷം രേഖപ്പെടുത്തലുകളൊന്നും നടത്തിയിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന ചുവടെ ചേർക്കുന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ നിർദ്ദേശങ്ങൾ സമർപ്പിച്ചുവെങ്കിലും ആയത് നടപ്പിലാക്കുന്നതിന് പഞ്ചായത്ത് എന്തെങ്കിലും നടപടിയെടുത്തിരുന്നുവൊ എന്ന് ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/1-4-22 ) ഭാവിയിൽ ഇത്തരം വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധ പുലർത്തുന്നതാണ് എന്ന രീതിയിലാണ് മറുപടി നൽകിയിരിക്കുന്നത് .

| ക്രമ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| I | കൃഷി, വിദ്യാഭ്യാസം, കല, സംസ്കാരം | 31-1-20 | സ്കൂളുകളിൽ മാലിന്യ സംസ്കരണം |
| Ii | കുടിവെള്ളം ശുചിത്വം | 3-3-20 | ഹരിത കർമ്മസേനയുടെ പ്രവർത്തനം എല്ലാ വാർഡുകളിലും ശക്തിപ്പെടുത്തണം |
| Iii | വനിതാ വികസനം | തിയ്യതി ഇല്ല | സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം ലഭ്യമാക്കുക, സ്ഥലമുള്ള അങ്കണവാടികൾക്ക് കെട്ടിടം ലഭ്യമാക്കുക, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷക്കായി ജാഗ്രത സമിതി രൂപീകരിച്ചെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല |
| 6 | സാമൂഹ്യ നീതി | 31-1-20 | പകൽ വീട്, പാഥേയം, അഗതി രഹിത കേരളം എന്നിവയിൽ അർഹരായവരെ മാത്രം ഉൾപ്പെടുത്തുക |

വർക്കിംഗ് ഗ്രൂപ്പുകൾ 20-21 വർഷത്തെ പദ്ധതി ആസൂത്രണത്തിനായി ആകെ ഒരു തവണ മാത്രമാണ് യോഗം ചേർന്നത്.

## 1-5 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 198000 | 275 |

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 8105600 | 324 |
| വിധവാപെൻഷൻ | 28524200 | 1033 |
| വാർദ്ധക്യകാലപെൻഷൻ | 50466000 | 2248 |
| വികലാംഗപെൻഷൻ | 7759600 | 311 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 580400 | 25 |
| വിവാഹധനസഹായം | 0 | 0 |

## 1-6 പണം നീക്കിയിരിപ്പ് പരിശോധന

തിരുവനന്തപുരം ജില്ലയിലെ വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള പണം നീക്കിയിരിപ്പ് പരിശോധന 24.03.2022 തീയതിയിൽ രാവിലെ 10.20-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5413/-രൂപ (അയ്യായിരത്തി നാന്നൂറ്റി പതിമൂന്ന് രൂപ) നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

- തനത് വരവ് പിരിച്ചെടുക്കുന്നതിൽ പോരായ്മകൾ നിലനിൽക്കുന്നു. ലൈസൻസ് അപേക്ഷകൾ പൂർണ്ണമല്ലാത്തതിനാൽ ഈടാക്കിയ തുകയുടെ കൃത്യത നിർണയിക്കുവാൻ സാധ്യമല്ല. റേഷൻ കടകളുടെ ലൈസൻസ് ഈടാക്കിയിട്ടില്ല. കടമുറികളുടെ വാടക വർദ്ധനവ് വരുത്തിയിട്ടില്ല. 17 കടമുറികളുള്ളതിൽ വാടകയ്ക്ക് നൽകിയ 15 എണ്ണത്തിന്റെ വാടക പൂർണ്ണമായി ഈടാക്കാത്തതിനാൽ വാടക ഇനത്തിലെ വരവ് നഷ്ടമാകുന്നു. കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് നടത്തി പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. പഞ്ചായത്ത് പരിധിയിലെ എല്ലാ വ്യാപാര സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതിലും അപാകതകൾ നിലനിൽക്കുന്നു.
- പദ്ധതി ചെലവ് രേഖകൾ കൃത്യമായി പരിപാലിക്കുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.
- ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിച്ച് (കുടിവെള്ള പദ്ധതികളും വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തികളും) വിവരം അറിയിക്കേണ്ടതാണ്.
- മരണപ്പെട്ടവരെ സാമൂഹ്യ സുരക്ഷ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കാതെ പെൻഷൻ നല്കികൊണ്ടിരിക്കുന്നു.
- സ്പിൽ ഓവർ ആകുന്ന പദ്ധതികൾ സ്പിൽ ഓവർ ആകുന്ന വർഷം തന്നെ പൂർത്തീകരിക്കുന്നില്ല.
- മരുന്നുവാങ്ങൽ പദ്ധതികൾക്കായി തുക മുൻകൂറായി ഒടുക്കുന്നുണ്ടെങ്കിലും മരുന്ന് ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നു.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 515900 | *1637027 | 2152927 | **2139167 | 13760 |
| ഗുണഭോക്താക്കൾക്ക് നേരിട്ട്നൽകിയത് | 0 | 56945140 | 56945140- | 56945140 | 0 |
| ആകെ | 515900 | 58582167- | 59098067 | 59084307- | 13760 |

*വരവ് തുക സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം ഇനത്തിൽ ലഭ്യമായ 62000/- രൂപ കൂടി ഉൾപ്പെട്ടതാണ്.

**ചെലവ് തുക RP ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം 13760/- രൂപ നീക്കിയിരിപ്പ് ഉണ്ട്. ക്രമപ്പെടുത്തേണ്ടതാണ്.

## 1-9 ഡി & ഒ ലൈസൻസ്: അപാകതകൾ

1. അപേക്ഷകൾ പൂർണ്ണമല്ല.

2017-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത്രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 ലെ സ.ഉ.(പി)നം. 80/2017/ തസ്വഭവ പ്രകാരം കേരള പഞ്ചായത്ത്രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാകണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും, പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല.

2. ട്രേഡേഴ്സ് ലിസ്റ്റ്

എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയതിൽ എല്ലാ വ്യപാര സ്ഥാപനങ്ങളും ഉൾപ്പെടുന്നുണ്ടോ എന്നത് സംബന്ധിച്ച് വ്യക്തതയില്ല. ഹാജരാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നുറപ്പ് വരുത്തേണ്ടതും ഇത്തരത്തിൽ ഉണ്ടാകുന്ന വരുമാന നഷ്ടം ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്.

3. റേഷൻകടകൾക്ക് ലൈസൻസ്

ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2020-21 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ചു നൽകിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019-ലെ (സി.എസ്) എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകാത്തതു സംബന്ധിച്ച് മുൻ റിപ്പോർട്ടുകളിൽ തുടർച്ചയായി പരാമർശിച്ചിട്ടും 20-21 വർഷവും ലൈസൻസ് നൽകുന്നതിനുള്ള യാതൊരു നടപടിയും പഞ്ചായത്തധികൃതർ സ്വീകരിച്ചിട്ടില്ല.

## 1-10 വാടക പിരിച്ചെടുക്കുന്നതിൽ കുറവ്

വെമ്പായം ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ ആകെ 17 കടമുറികളാണ് വാടകയ്ക്ക് നൽകാൻ ഉപയുക്തമായിട്ടുള്ളത്. ആയതിൽ 2020-21 വർഷം 15 മുറികൾ വാടകയ്ക്ക് നൽകിയതായി ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 10/20-21, തീയതി 25-03-2022) മറുപടി നൽകിയിട്ടുണ്ട്.

വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കടമുറികളിൽ നിന്ന് വാടക പൂർണ്ണമായും ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കടമുറി | വാടകയ്ക്ക് എടുത്ത വ്യക്തി | മാസവാടക | അടവാക്കാന വശേഷിക്കുന്ന മാസങ്ങൾ |
|---|---|---|---|---|
| 1 | റൂം നം I | സന്തോഷ് കുമാർ | 19542 (1621* 12) | ഏപ്രിൽ 20– മാർച്ച് 21 |
| 2 | റൂം നം VI | എം ബാബു * | 17196 (1433*12) | ഏപ്രിൽ 20– മാർച്ച് 21 |
| 3 | റൂം നം VII | ഉണ്ണി എസ്* | 12600 (1050*12) | ഏപ്രിൽ 20 – മാർച്ച് 21 |

വാടകയിനത്തിൽ കുടിശ്ശികയായ തുക പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

* അയിരൂർപ്പാറ ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നം VI, റൂം നം VII എന്നീ മുറികളുടെ വാടക ഡിമാന്റ് ചെയ്തിട്ടില്ല. വാടക രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 വർഷവും മേൽ കടകളുടെ വാടക കുടിശ്ശികയാണ്. ഇത്തരത്തിൽ കുടിശ്ശിക വരുത്തുന്ന വ്യക്തികൾക്ക് വീണ്ടും റൂമുകൾ അനുവദിക്കാനുണ്ടായ സാഹചര്യം, ലേലം നടത്തി മുറികൾ മറ്റ് ആവശ്യക്കാർക്ക് നൽകാത്തതിനു കാരണം എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 10/20-21, തീയതി 25-03-2022) മേൽ വ്യക്തികളിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതായി മറുപടി നൽകി.

KSEB-ക്ക് വാടകയ്ക്ക് നൽകിയിരിക്കുന്ന കണക്കോട് ഷോപ്പിംഗ് കോംപ്ലക്സിലെ 6,7,8 റൂമുകൾക്ക് 2019-20, 2020-21, 2021-22 എന്നീ വർഷങ്ങളിൽ വാടക വർദ്ധനവ് വരുത്തിയിട്ടില്ല. തുടർച്ചയായി മൂന്ന് വർഷങ്ങളിലും 6038/-രൂപയാണ് പ്രതിമാസ വാടകയായി ഈടാക്കിയിട്ടുള്ളത്. എന്നാൽ വാടക വർദ്ധനയിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി നൽകിയ അപേക്ഷ നിരാകരിച്ച് കൊണ്ടുള്ള കമ്മിറ്റി തീരുമാനം 2020-21 വർഷം പാസ്സാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തീരുമാനത്തിന് വിരുദ്ധമായി വാടകയിൽ വർദ്ധനവ് വരുത്താത്തത് പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സിൽ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി അപാകതകൾ

1. 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ 205ഇ വകുപ്പ് പ്രകാരം സെക്രട്ടറി ഏപ്രിൽ മാസം ഓരോ ഓഫീസ് മേധാവിയോടും അല്ലെങ്കിൽ തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥനായ ആളോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടെയോ സ്ഥാപനങ്ങളുടെയോ പേരുകളും മേൽവിലാസങ്ങളും നോട്ടീസിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ നൽകുന്നതിന് ആവശ്യപ്പെടേണ്ടതാണ്. ഈ നടപടിക്രമം പാലിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും പാലിച്ചിട്ടില്ലെങ്കിൽ ആയതിന് വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019-ലെ നമ്പർ (സി.എസ്.) എ9 – 764/2019 സർക്കുലർ പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. പഞ്ചായത്തിലെ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുവാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

3. 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ 204എ(i) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്തിനുള്ളിലോ, 204എ(ii) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, 204ബി പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ച് കൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളിന്റെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

എന്നാൽ മേൽ വകുപ്പുകൾ പ്രകാരം ഗ്രാമപഞ്ചായത്തു പരിധിയിലെ ഡോക്ടർമാർ, എഞ്ചിനീയർമാർ, മറ്റ് പ്രൊഫഷണൽ ജോലികളിലേർപ്പെട്ടിരിക്കുന്നവർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

4. 1996-ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 14, 16 ഫാറം നമ്പർ II മാതൃകയിലുള്ള പത്രികയിൽ വേണം സ്ഥാപനങ്ങൾ പത്രികകൾ സമർപ്പിക്കേണ്ടത്. എന്നാൽ ചില സ്ഥാപനങ്ങൾ അപ്രകാരം സമർപ്പിച്ചിട്ടില്ലാത്തതിനാൽ ജീവനക്കാരുടെ വരുമാനയിനങ്ങളെല്ലാം ഉൾപ്പെടുത്തിയാണോ തൊഴിൽ നികുതി ഈടാക്കിയതെന്ന് ഉറപ്പാക്കാനായിട്ടില്ല. ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളുടേയും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാനായി സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള പട്ടിക തയ്യാറാക്കി കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

5. രജിസ്റ്ററിൽ ഡി.സി.ബി പത്രിക എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഓരോ സാമ്പത്തിക വർഷാവസാനവും തൊഴിൽ നികുതി രജിസ്റ്ററിൽ ഡി.സി.ബി പത്രിക എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ വെമ്പായം ഗ്രാമപഞ്ചായത്തിൽ ഇത് പാലിക്കപ്പെടുന്നില്ല.

6. പഞ്ചായത്തിൽ പരിപാലിക്കുന്ന രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന നികുതി ഒടുക്കിയതിന്റെ വിശദാംശം ലഭ്യമല്ല.

| ക്രമ നം. | സ്ഥാപനം | റിമാർക്സ് |
|---|---|---|
| 1 | കെ എസ് ഇ ബി,വട്ടപ്പാറ | സ്ഥാപന തൊഴിൽ നികുതി രണ്ട് അർദ്ധവർഷങ്ങളിലും ഒടുക്കിയിട്ടില്ല. |
| 2 | എസ് ബി ഐ വട്ടപ്പാറ | സ്ഥാപന തൊഴിൽ നികുതി രണ്ട് അർദ്ധവർഷങ്ങളിലും ഒടുക്കിയിട്ടില്ല. |
| 3 | നെടുമങ്ങാട് കോ ഓപ്പറേറ്റീവ് അർബൻ ബാങ്ക് | സ്ഥാപന തൊഴിൽ നികുതി രണ്ട് അർദ്ധവർഷങ്ങളിലും ഒടുക്കിയിട്ടില്ല. |
| 4 | മുത്തൂറ്റ് മിനി ഫിനാൻസ് കന്യാകുളങ്ങര | സ്ഥാപന തൊഴിൽ നികുതി രണ്ട് അർദ്ധവർഷങ്ങളിലും ഒടുക്കിയിട്ടില്ല. |
| 5 | മുത്തൂറ്റ് മൈക്രോ ഫിൻ | രണ്ടാം അർദ്ധവർഷത്തെസ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. |
| 6 | പി എം എസ് ഡന്റൽ കോളേജ് | രണ്ടാം അർദ്ധവർഷത്തെ സ്ഥാപനതൊഴിൽ നികുതി ഒടുക്കിയിട്ടില്ല. |
| 7 | സാഫ് ഹോസ്പിറ്റൽ | സ്ഥാപന തൊഴിൽ നികുതി രണ്ട് അർദ്ധവർഷങ്ങളിലും ഒടുക്കിയിട്ടില്ല. |
| 8 | വെമ്പായം കോ-ഓപ്പറേറ്റീവ് ബാങ്ക് | ഒന്നാം അർദ്ധവർഷത്തെ സ്ഥാപനതൊഴിൽ നികുതി ഒടുക്കിയിട്ടില്ല. |
| 9 | മാവേലി സ്റ്റോർ പെരുംകൂർ | സ്ഥാപന തൊഴിൽ നികുതി രണ്ട് അർദ്ധവർഷങ്ങളിലും ഒടുക്കിയിട്ടില്ല. |
| 10 | കാത്തലിക്ക് സിറിയൻ ബാങ്ക് | സ്ഥാപന തൊഴിൽ നികുതി രണ്ട് അർദ്ധവർഷങ്ങളിലും ഒടുക്കിയിട്ടില്ല. |
| 11 | മുത്തൂറ്റ് ഫിൻ കോർപ്പ് വട്ടപ്പാറ | സ്ഥാപന തൊഴിൽ നികുതി രണ്ട് അർദ്ധവർഷങ്ങളിലും ഒടുക്കിയിട്ടില്ല. |

7. കാത്തലിക്ക് സിറിയൻ ബാങ്ക്, വട്ടപ്പാറ പോലീസ് സ്റ്റേഷൻ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർ ഒന്നാം

അർദ്ധവർഷത്തെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

8. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 2020-21 വർഷം കരാർ പ്രവൃത്തികൾ ചെയ്ത 23 പേർ ഉണ്ടായിരുന്നതായി ഏ ഇ റിപ്പോർട്ട് നൽകിയിട്ടുണ്ട്. അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. വിശദാംശം ചുവടെ.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | സുരേഷ് കുമാർ ആർ |
| 2 | സുകുമാരൻ നായർ ജി |
| 3 | ജഗന്നാഥ പിള്ള എസ് |
| 4 | സജിൻ ആർ |
| 5 | ബി മോഹൻ |
| 6 | അനിൽ കുമാർ ആർ |
| 7 | ജയകുമാർ എൻ |
| 8 | രഘുനാഥൻ നായർ ആർ |
| 9 | നൌഷാദ് ബി |
| 10 | സുനിൽ ആർ എസ് |
| 11 | അനി സി ബി |
| 12 | ഷിജു എസ് |
| 13 | ഷിബു എസ് വി |
| 14 | നിസാറുദ്ദീൻ എം |
| 15 | സുരേഷ് എസ് |
| 16 | ഫൈസൽ ചിറയിൽ |
| 17 | വിജയൻ എ |
| 18 | ശശിധരൻ പിള്ള പി |
| 19 | സച്ചിൻ എസ് ബാബു |
| 20 | അരുൺ എസ് |
| 21 | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് |
| 22 | രഞ്ജിത് ആർ |
| 23 | പ്രസാദ് ബി |

മേൽ അപാകങ്ങൾ പരിശോധിച്ച് പരിഹരിച്ച് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-12 വസ്തു നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. വസ്തു നികുതി - പഞ്ചായത്ത് രാജ് ചട്ടങ്ങൾ പാലിക്കുന്നില്ല.

സഞ്ചയ സോഫ്റ്റ്‌വെയർ പ്യൂരിഫിക്കേഷൻ, 2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1),(2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം -2ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിട ഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിന്റെ

അടിസ്ഥാനത്തിൽ പ്രഥമം, ദ്വിതീയം, തൃതീയം എന്നിവയുടെ വിവരങ്ങളും കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം, തറയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം എന്നിവയുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ/ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. അതിനാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് സ്ഥലസന്ദർശനം നടത്തി വസ്തു നികുതി കണക്കാക്കിയ ജീവനക്കാർ തയ്യാറാക്കിയ ഫാറം 6 സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തുനികുതി നിർണയത്തിന്റെ കൃത്യത പരിശോധിക്കുന്നതിനായി ലഭ്യമാക്കിയില്ല.

2. 2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. വെമ്പായം ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ മാപ്പ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 11/2020-21 തീയതി 26.03.2022) മേഖലകൾ അടയാളപ്പെടുത്തിയ മാപ്പ് തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

3. റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ കളക്ഷനായി രേഖപ്പെടുത്തി.

സാംഖ്യ ക്യാൻസൽഡ് റസീപ്റ്റ് റിപ്പോർട്ട് പരിശോധിച്ചതിൽ താഴെപ്പറയുന്ന റദ്ദാക്കിയ സാഖ്യ രസീതുകളിലെ തുകകൾ, സഞ്ചയ സോഫ്റ്റ്‌വെയറിലെ കളക്ഷനിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു. ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 11/2020-21 തീയതി 26.03.2022) 2 മുതൽ 17 വരെയുള്ള രസീപ്റ്റുകൾ റദ്ദാക്കിയിട്ടില്ല അവ സാംഖ്യ ഡേ ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചു. അങ്ങനെയെങ്കിൽ റദ്ദാക്കിയ രസീതുകളുടെ പട്ടികയിൽ അവ ഉൾപ്പെട്ടതു സംബന്ധിച്ച് വ്യക്തത ഇല്ല.

| Sl No | Ward No | Door No | Owner Details | Receipt No | Receipt Date | Amount |
|---|---|---|---|---|---|---|
| 1 | 9 | 578 | ഭുവനേന്ദ്രൻ | 120170100078 | 08/06/2020 | 137 |
| 2 | 19 | 414 | ജമീലാബീവി | 120170100421 | 22/06/2020 | 420 |
| 3 | 21 | 543b | വിജയ പുഷ്പം | 120170100426 | 22/06/2020 | 1258 |
| 4 | 1 | 484A | സരള.ബി * | 120170100715 | 30/06/2020 | 642 |
| 5 | 18 | 160 | വിനീത.ആർ.യു. | 120170100756 | 02/07/2020 | 103 |
| 6 | 16 | 310 | മോളി എൽ | 120170100759 | 02/07/2020 | 135 |
| 7 | 7 | 291 | താര ബി ആർ | 120170100923 | 13/07/2020 | 1218 |
| 8 | 17 | 387 | രാജേന്ദ്രൻനായർ ലളിതാംബിക | 120170100983 | 16/07/2020 | 273 |
| 9 | 2 | 361 | എം. നസീം | 120170101027 | 21/07/2020 | 70 |
| 10 | 13 | 273 C | നിത്യ ശരത് കുമാർ | 120170101118 | 03/08/2020 | 806 |
| 11 | 21 | 163C | മിനികുമാരി ആർ | 120170101197 | 07/08/2020 | 330 |
| 12 | 9 | 434 | രത്നാകരൻ** | 120170101859 | 18/09/2020 | 42 |
| 13 | 4 | 18 B | അബ്ദുൾ വഹാബ് | 120170102190 | 05/10/2020 | 483 |
| 14 | 12 | 69 A | സാബു.കെ.എസ് | 120170102301 | 09/10/2020 | 2776 |
| 15 | 9 | 581 | ബി.അശോകൻ | 120170102982 | 19/11/2020 | 137 |
| 16 | 8 | 196 | വിദ്യാധരൻ.ബി | 120010100013 | 29/12/2020 | 99 |
| 17 | 1 | 575 B | ആബിദ ബീവി / മുഹമ്മദ് സമദ് | 120010100796 | 09/02/2021 | 2468 |

* റദ്ദാക്കിയ രസീത് പ്രകാരം റിയാസ്, ജസീന എം എന്നിവരുടെ പേരിലാണ് രസീത്.

**റദ്ദാക്കിയ രസീത് പ്രകാരം സാഹിറാബീവിയുടെ പേരിലാണ് രസീത്.

റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തത് ഗുരുതരമായ പിഴവാണ്. ഇക്കാരണത്താൽ വസ്തു നികുതി പിരിവ് ഇനത്തിൽ വർദ്ധിച്ച വരവാണ് സഞ്ചയയിൽ കാണപ്പെടുന്നത്. ടി അപാകം പരിശോധിച്ച് നികുതി ഇനത്തിൽ വന്ന കുറവ് ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് നടത്തിയില്ല.

സഞ്ചയ സോഫ്റ്റ്‌വെയറിൽ ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർത്തിരിക്കുന്ന വാർഡുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 1/69 | ഷാനവാസ് | പാർപ്പിടാവശ്യം | താഴത്തെ നില (65ച മീ |
| 2 | 1/255 | എ സലീം | പാർപ്പിടാവശ്യം | താഴത്തെ നില (75.05 ച മീ ) |
| 3 | 1/308 | ഉമൈഫ ബീവി | പാർപ്പിടാവശ്യം | താഴത്തെ നില (65 ച മീ ) |
| 4 | 1/349 | സുലേഖ ബീവി | പാർപ്പിടാവശ്യം | താഴത്തെ നില (120 ച മീ ) |
| 5 | 18/185 | രമാദേവി | പാർപ്പിടാവശ്യം | താഴത്തെ നില (70 ച മീ ) |
| 6 | 18/400 | ഓമന അമ്മ | പാർപ്പിടാവശ്യം | താഴത്തെ നില (62 ച മീ ) |
| 7 | 18/442 | ജോർജ് റോബർട്ട് | പാർപ്പിടാവശ്യം | താഴത്തെ നില (63 ച മീ ) |
| 8 | 18/527 | ബി ലളിത | പാർപ്പിടാവശ്യം | താഴത്തെ നില (67 ച മീ ) |
| 9 | 5/29 | സുബൈദാ ബീവി | പാർപ്പിടാവശ്യം | താഴത്തെ നില (63 ച മീ ) |
| 10 | 5/83 | എ ജുമൈല | പാർപ്പിടാവശ്യം | താഴത്തെ നില (77 ച മീ ) |
| 11 | 3/45 | എസ് സുരേന്ദ്രൻ നായർ | പാർപ്പിടാവശ്യം | താഴത്തെ നില (66 ച മീ ) |
| 12 | 3/123 | എം എസ് തുളസീധരൻ നായർ | പാർപ്പിടാവശ്യം | താഴത്തെ നില (65 ച മീ ) |
| 13 | 4/408 | ചന്ദ്രമതി | പാർപ്പിടാവശ്യം | താഴത്തെ നില (63.51 ച മീ ) |
| 14 | 4/481 | എസ് വിജയമ്മ | പാർപ്പിടാവശ്യം | താഴത്തെ നില (71.07 ച മീ ) |
| 15 | 14/128A | എം.ഉണ്ണികൃഷ്ണൻ | പാർപ്പിടാവശ്യം | താഴത്തെ നില (206.63 ച മീ ) |

5. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 207 പ്രകാരം വിവിധ സർക്കാർ, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർത്തിരിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ സർക്കാർ, എയ്ഡഡ് മേഖലയിൽ ഉൾപ്പെടുന്നവയാണോയെന്ന് വ്യക്തമല്ല.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം | കെട്ടിടത്തിന് നൽകിയ ഇളവ് |
|---|---|---|---|---|---|
| 1 | 1/428 | സെൻറ് തോമസ് | നികുതി, ഉപനികുതി | താഴത്തെ | നികുതി |

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം | കെട്ടിടത്തിന് നൽകിയ ഇളവ് |
|---|---|---|---|---|---|
| | | യു പി എസ് (എൽ എസ് ബി, കാര്യക്കോണം, പോത്തൻകോട് പി ഒ 695584) | എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | നില (300 ച മീ ) | ഒഴിവാക്കി |
| 2 | 13/308 | സെവൻഡേ സ്കൂൾ (വട്ടപ്പാറ പി ഒ, 695028) | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | താഴത്തെ നില (120 ച മീ ) | നികുതി ഒഴിവാക്കി |

മേൽ സ്ഥാപനങ്ങൾ അൺ എയ്ഡഡ് മേഖലയിൽ ഉൾപ്പെടുന്നവയായതിനാൽ അവയുടെ വസ്തു നികുതി ഡിമാന്റ് ചെയ്യേണ്ടതാണ്.

6. വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതിൽ അപാകത.

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ 2,6,9 വാർഡുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചതിൽ മേൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ സൂക്ഷിക്കേണ്ട രജിസ്റ്റർ, അപേക്ഷ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയെങ്കിലും അവ പൂർണ്ണമല്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | പേര് , വിലാസം |
|---|---|---|
| 1 | 2/74 | ചന്ദ്രൻ ,മാധവം,ചാത്തൻപാട്,പോത്തൻകോട് |
| 2 | 2/128A | നജ്മുദ്ദീന് /സജീന, സന ബില്ഡിംഗ്, നന്നാട്ടുകാവ്, പോത്തൻകോട് |
| 3 | 2/203 | ജലജകുമാരി അമ്മ എസ് ആന്വാടി,വഴയ്ക്കാട്. കുഴിവിളയിൽ. നന്നാട്ടുകാവ് |
| 4 | 2/214 | ബദറുദ്ദീൻ എം ഉണിച്ചവീട് വിളാകം, നന്നാട്ടുകാവ്, പോത്തൻകോട് |
| 5 | 2/304 | അശോക് കുമാർ, പഴയനെട്ടയത്തു വീട്, നന്നാട്ടുകാവ്, പോത്തൻകോട് |
| 6 | 2/525 | കെ പി ശശിധരൻ, പാറയിൽ പുത്തൻവീട് |
| 7 | 2/534 | സുനിൽ കുമാർ, നഭസ്, തിട്ടയത്തുകോണം, ശാന്തിഗിരി, |
| 8 | 6/214 | സുലോചന അമ്മ, ഉണ്ടുവിള വീട്,ഗാന്ധി നഗർ,കുതിരകുളം |
| 9 | 6/332 | രാധാകൃഷ്ണൻ നായർ ആർ ശാന്തി എസ്, ശ്രീകൃഷ്ണ വിലാസം,കാരംകോട്,ചീരാണിക്കര |
| 10 | 6/622 | ശ്രീധരൻ, ദിലീപ് ഭവൻ,മാടൻനട, തേക്കട,വെമ്പായം |
| 11 | 6/676 | ഗോപാലകൃഷ്ണൻ നായർ, എ ആർ ഭവൻ,,ചീരാണിക്കര |
| 12 | 6/820 | ലതാകുമാരി മോഹനൻ, മനീഷ് ഭവൻ,മാടൻനട തേക്കട, വെമ്പായം |

| ക്രമ നം. | വാർഡ്/ കെട്ടിട നം. | പേര് , വിലാസം |
|---|---|---|
| 13 | 9/158A | ലതാകുമാരി മോഹനൻ, മനീഷ് ഭവൻ,മാടൻനട തേക്കട, വെമ്പായം |
| 14 | 9/223 | എ ജി പ്രേംലാൽ, മകം കിഴക്കേവിളാകം, തേക്കട, വെമ്പായം |
| 15 | 9/278 | ഗോപാലകൃഷ്ണൻ, അനീഷ് ഭവൻ, തേക്കട, വെമ്പായം |

## 1-13 സാമൂഹ്യ സുരക്ഷാ പെൻഷൻ

സാമൂഹ്യ സുരക്ഷാ പെൻഷൻ/വേതനം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

## 1-13-1 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ മരണറിപ്പോർട്ടിലെ പെൻഷൻ ID/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകുന്നതായി കാണുന്നു.

| പേര് | പെൻഷൻ ID | പെൻഷൻ തരം | മരണ തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| രാജമ്മ | 102670202578 | വാർദ്ധക്യം | 5-8-20 | ആക്ടീവ് | 9/20 മുതൽ2/22 വരെ<br>1600 X18 | 28800 |
| കൃഷ്ണൻ കുട്ടി | 102670201469 | വാർദ്ധക്യം | 29-8-20 | സസ്പെൻഡഡ് | 9/20 TO 10/20 – 1400x2 | 2800 |
| ശാന്ത കുമാരി . കെ | 102670601336 | വിധവ | 17-7-20 | ആക്ടീവ് | 8/20 TO 2/22 – 19x1600 | 30400 |
| സുഭദ്ര | 102670100481 | കർഷക തൊഴിലാളി പെൻഷൻ | 11-4-20 | ആക്ടീവ് | 5/20 TO 2/22 | 35200 |
| ബനീന എ | 102670600149 | വിധവ | 25-3-20 | ആക്ടീവ് | 3/20 TO 2/22 | 38400 |
| ദിവാകരൻ നായർ | 102670230258 | വാർദ്ധക്യം | 16-9-20 | സസ്പെന്റഡ് | 10/20 TO 12/20 | 4800 |
| സുബ്രമണ്യൻ ചെട്ടിയാർ | 102670200612 | വാർദ്ധക്യം | 22-9-20 | ആക്ടിവ് | 10/20 TO 12/20 | 4800 |
| രാജമ്മ ജെ | 102670201081 | വാർദ്ധക്യം | 17-7-20 | ആക്ടീവ് | 8/20 TO 2/22 | 30400 |
| ചെല്ലമ്മ | 102670100688 | കർഷകതൊഴിലാളി | 28-9-20 | ആക്ടീവ് | 10/20 T0 2/22 | 27200 |
| പൊന്നമ്മ | 102790200140 | വാർദ്ധക്യം | 6-10-20 | സസ്പെന്റഡ് | 11/20 TO 12/20 | 3200 |
| ചന്ദ്രിക | 1016706509999 | വിധവ | 16-6-20 | ആക്ടീവ് | 7/20 TO 2/22 | 32000 |
| ശ്രീധരൻ പിള്ള | 102670201410 | വാർദ്ധക്യം | 26-6-20 | സസ്പെന്റഡ് | 7/20 TO 11/20 | 8000 |
| കൃഷണന് നായർ കെ | 102670202372 | വാർദ്ധക്യം | 23-6-20 | ആക്ടീവ് | 7/20 TO 2/22 | 32000 |
| ശിവരാജൻ | 102540205106 | വാർദ്ധക്യം | 24-6-20 | ആക്ടീവ് | 7/20 TO 9/20 | 4800 |
| അബ്ദുൾ | 102670100854 | വാർദ്ധക്യം | 21-7-20 | സസ്പെന്റഡ് | 8/20 TO 1/21 | 9600 |

| | | | | | | |
|---|---|---|---|---|---|---|
| റഹീം | | | | | വരെ | |
| ജാനമ്മ | 102670200303 | വാർദ്ധക്യം | 2-8-20 | ആക്ടീവ് | 9/20 TO 2/22 | 28800 |
| ഇന്ദിര അമ്മ | 102630400205 | ഡിസെബിലിറ്റി | 30-11-20- | ആക്ടീവ് | 12/20 TO 2/22 | 24000 |
| ആകെ | | | | | | 345200 |

താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടുപോയിട്ടുള്ളതാണ്, എന്നാൽ ടിയാരുടെ പെൻഷൻ സ്റ്റാറ്റസ് ഇപ്പോഴും ആക്ടീവായി തുടരുന്നു.

1.പൌലോസ് എം -102670100445

2.സരസമ്മ-102670202474

3. സത്യദാസ് -10740202211

4 ഗ്രേസി -102670100355

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2020-21 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.26തീയതി 2.04.22-ന് മറുപടിയായി വിവരങ്ങൾ പരിശോധിച്ച് നിയമാനുസൃത നടപടികളിലൂടെ തിരികെ അടവാക്കുന്നതിനും ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ 05.11.20-ലെ സർക്കുലർ നമ്പർ 67/20പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മൂഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ഈടാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13-2 സാമൂഹ്യ സുരക്ഷാ പെൻഷൻ-സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണറിപ്പോർട്ട് സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. (ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു). മസ്റ്ററിംഗ് പൂർത്തികരി ച്ചിട്ടില്ലാത്തതിനാൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| നം | പേര് | മരണപ്പെട്ട തീയതി | പെൻഷൻ ഐ ഡി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | ഗ്രേസി - | 18-5-20 | 102670100355 | ആക്ടീവ് |
| 2 | സത്യദാസ് | 5-7-20 | -10740202211 | ആക്ടീവ് |
| 3 | സരസമ്മ- | 21-6-20 | 102670202474 | ആക്ടീവ് |
| 4 | പൌലോസ് എം | 8-7-20 | -102670100445 | ആക്ടീവ് |

ധനകാര്യവകുപ്പിന്റെ 26.7.18-ലെ സർക്കുലർ നമ്പർ 69/18-ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണസ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട

പഞ്ചായത്തിനെ അറിയിക്കുവാനം നിർദ്ദേശിച്ചിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണം നം 26തീ 1-04.22 ന് മറുപടി ലഭ്യമാക്കിയില്ല. അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13-3 സർവ്വീസ് പെൻഷണേഴ്സിന് ക്ഷേമ പെൻഷൻ വിതരണം.

23.09.2020ലെ സ.ഉ (എം.എസ്)നമ്പർ 97/2020/ധന നമ്പർ ഉത്തരവ് പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നതിന് 7 പൊതു മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിട്ടുള്ളതിൽ രണ്ടാമത്തെ നിർദ്ദേശമനുസരിച്ച് അപേക്ഷകർ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ ലഭിക്കുന്നവർ ആകരുത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 13-03-2021 ലെ എഡിപി- ടിവിഎം/711/2020-PA2 നമ്പർ കത്ത് പ്രകാരം സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ ലഭിക്കുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷ പെൻഷൻ തിട്ടപ്പെടുത്തി 30 ദിവസത്തിനകം തിരിച്ചടയ്ക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു. വെമ്പായം ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ അനർഹമായി ആനുകൂല്യം കൈപ്പറ്റിയവർ ഓഡിറ്റ് തീയതിയിലും തുക തിരികെ ഒടുക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പേര് | പെൻഷൻ ID | പെൻഷൻ തരം | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|
| സുശീല കെ | 102670100801 | വാർദ്ധക്യം | സസ്പെൻഡഡ് | 4/15 TO 4/20 | തുക കണക്കാകി നോട്ടീസ് നൽകിയതിന്റെ രേഖയില്ല |
| അവ്വാ ഉമ്മാൾ | 10267010994 | കർഷക തൊഴിലാളി പെൻഷൻ | സസ്പെൻഡഡ് | 4/15 TO 4/20 - | തുക കണക്കാകി നോട്ടീസ് നൽകിയതിന്റെ രേഖയില്ല |
| ശാന്തമ്മ | 102670201296 | വാർദ്ധക്യം | സസ്പെൻഡഡ് | 4/15 TO 4/19 | തുക കണക്കാകി നോട്ടീസ് നൽകിയതിന്റെ രേഖയില്ല |
| സത്യഭാമ | 102670201467 | വാർദ്ധക്യം | സസ്പെൻഡഡ് | 4/15 TO 4/19 | 50800 |
| രാധമ്മ | 102670201467 | വാർദ്ധക്യം | സസ്പെൻഡഡ് | 4/15 To 4/19 | 66100 |
| ചന്ദ്രിക | 102670201897 | വാർദ്ധക്യം | സസ്പെന്റഡ് | 4/15 To 4/19 | 47800 |
| കൃഷ്ണൻ | 102670201595 | വാർദ്ധക്യം | ആക്റ്റിവ് | 2/15 TO 22 | 65200 |
| സുകുമാരി | 102670202427 | വാർദ്ധക്യം | സസ്പെന്റഡ് | 4/16 TO 4/19 | 37600 |

| പേര് | പെൻഷൻ ID | പെൻഷൻ തരം | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|
| | | | | | |
| ശകുന്തള | 1026702022938 | വാർദ്ധക്യം | സസ്പെന്റഡ് | 4/16 TO 4/20 | 34900 |
| കൃഷ്ണകുമാരി | 102670202956 | വാർദ്ധക്യം | സസ്പെന്റഡ് | 4/16 TO 4/19 | 40600 |
| സലീഹത്തു ബീവി | 102670203054 | വാർദ്ധക്യം | സസ്പെന്റഡ് | 10/16 TO 4/19 | 39600 |
| വിജയകുമാരി | 102670600109 | വിധവ | സസ്പെന്റഡ് | 4/15 To 4/19 | തുക കണക്കാകി നോട്ടീസ് നൽകിയതിന്റെ രേഖയില്ല |
| ഗിരിജ ദേവി | 102670600851 | വാർദ്ധക്യം | സസ്പെന്റഡ് | 4/15 To 4/19 | തുക കണക്കാകി നോട്ടീസ് നൽകിയതിന്റെ രേഖയില്ല |
| സരസ്വതി | 102670601122 | വാർദ്ധക്യം | സസ്പെന്റഡ് | 4/15 To 4/19 | തുക കണക്കാക്കി നോട്ടീസ് നൽകിയതിന്റെ രേഖയില്ല |
| സുഭദ്രാമ്മ | 102670202945 | വാർദ്ധക്യം | സസ്പെന്റഡ് | 4/17 To 4/19 | 37600 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 27/20-21 തീയതി 1.04.2022) മറുപടിയായി മേൽ വ്യക്തികൾക്ക് തുക തിരികെ ഒടുക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്നും ആരും തുക തിരിച്ചടവാക്കിയിട്ടില്ലെന്നും മറുപടി നൽകിയിട്ടുണ്ട്. പെൻഷൻ അപേക്ഷകളിന്മേൽ കൃത്യമായ അന്വേഷണം നടത്തി അർഹരായവർക്ക് മാത്രം അനുവദിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തധികൃതർ സ്വീകരിക്കേണ്ടതാണ്. മേൽ പറഞ്ഞ ഗുണഭോക്താക്കൾ അനർഹമായി കൈപ്പറ്റിയ തുക തിരികെ അടവാക്കിയതിന്റെ വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ് .

## 1-13-4 തൊഴിൽ രഹിത വേതനം വിതരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. 198000/- രൂപ തടസ്സപ്പെടുത്തുന്നു.

2020-21 വർഷം തൊഴിൽ രഹിത വേതനമിനത്തിൽ ചെലവ് 198000/-രൂപയാണ്. ബിൽ നം.14/17.09.2020 പ്രകാരം ഈ തുക 275 ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൌണ്ടിലൂടെയാണ് വിതരണം ചെയ്തിരിക്കുന്നത്.

സ.ഉ (അച്ചടി) നം. 139/2019/ധന തീയതി തിരുവനന്തപുരം 15.10.2019-ൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ നില, വ്യക്തിഗത കുടുംബ വാർഷിക വരുമാനം, തൊഴിൽ നില, താമസം മുതലായവ എല്ലാ മാസവും വ്യത്യാസപ്പെടാൻ സാധ്യതയുള്ളതിനാൽ ഓരോ തവണയും വേതനം ഗുണഭോക്താവിന്റെ അക്കൌണ്ടിലേയ്ക്ക് അനുവദിക്കുന്നതിന് 15 ദിവസം മുൻപ് ഗുണഭോക്താവ് തദ്ദേശഭരണ സ്ഥാപനത്തിൽ നേരിട്ട് ഹാജരായി വെരിഫിക്കേഷൻ നടത്തേണ്ടതാണെന്നും അവരിൽ നിന്നും അർഹത സംബന്ധിച്ച സത്യവാങ്മൂലം എഴുതി വാങ്ങി സൂക്ഷിക്കേണ്ടതാണെന്നും അക്വിറ്റൻസ് രജിസ്റ്ററിൽ തീയതി വച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. വെരിഫിക്കേഷന് നേരിട്ട് ഹാജരായി നടപടിക്രമങ്ങൾ പാലിക്കാത്തവർക്ക് തൊഴിൽ രഹിത വേതനം അനുവദിക്കാൻ പാടില്ല എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ 21.08.2020-ലെ DEE-TVM/668/2020-S2 നമ്പർ കത്തിൽ മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച മാത്രമേ തൊഴിൽ രഹിത വേതനം നൽകുവാൻ പാടുള്ളു എന്നും പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് 2020-21 സാമ്പത്തിക വർഷം 275 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിരിക്കുന്നത്. അർഹത സംബന്ധിച്ച് ഗുണഭോക്താക്കൾ നൽകേണ്ട സത്യവാങ്മൂലം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. തൊഴിൽ രഹിത വേതനത്തിനുള്ള അർഹത മാനദണ്ഡപ്രകാരം കുടുംബവാർഷിക വരുമാനം 12,000/- രൂപയിലും വ്യക്തിഗത വരുമാനം പ്രതിമാസം 100/- രൂപയിലും അധികമാകാൻ പാടില്ല. നിലവിലെ വ്യക്തിഗത കുടുംബ വാർഷിക വരുമാനം ( 2020-21 ലെ ) നിർദ്ദിഷ്ട പരിധിയ്ക്കകത്താണെന്ന് ഉറപ്പാക്കിയതിന്റെ രേഖകൾ ലഭ്യമല്ല.

സ.ഉ ( അച്ചടി) നം 139/2019/ധന തീയതി തിരുവനന്തപുരം 15.10.2019-ൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കൾ അക്വിറ്റൻസ് രജിസ്റ്ററിൽ തീയതി വച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2020-21 വർഷത്തെ അക്വിറ്റൻസ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല.

2020-21 വർഷം വേതനം നൽകുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത മാനദണ്ഡം വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 33/20-21 തീയതി2.04.22) മറുപടി നൽകിയിട്ടില്ല .

അർഹതാനിർണയം നടത്താതെയാണ് തൊഴിൽ രഹിത വേതനം വിതരണം ചെയ്തിരിക്കുന്നത്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി മതിയായ രേഖകൾ പരിശോധിക്കാതെ വിതരണം നടത്തിയ 198000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
സർക്കാർ നിർദ്ദേശാനുസരണം ആവശ്യമായ രേഖകൾ പരിശോധിച്ച് അർഹതാ നിർണയം നടത്തി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-14 മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കിയ പദ്ധതി - അപാകതകൾ - 210000-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മൃഗസംരക്ഷണ മേഖലയിൽ വെറ്റിനറി സർജൻ നടപ്പാക്കിയ പദ്ധതികളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) എ.ബി.സി.പദ്ധതി

| പ്രോജക്റ്റ് നം, പേര് | 123- തെരുവ്നായ്ക്കളുടെ വന്ധ്യംകരണ പദ്ധതി |
|---|---|
| അടങ്കൽ തുക | 210000-(പൊതു) |
| ചെലവ് തുക | 210000- |
| ബിൽ നം/തീയതി | 1/20-21/ 20-6-20 |

പ്രസ്തുത പദ്ധതിക്കായി 210000/-രൂപ ജില്ലാ കുടുംബശ്രീ മിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ ചെലവിന്റെ വിശദാംശങ്ങളോ വിനിയോഗസാക്ഷ്യപത്രമോ ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(40/2.4.22) ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

27-08-2016 ലെ 45151/RC3/ 2014/LSGD നമ്പർ സർക്കുലറിലെ ഖണ്ഡിക നം.5 പ്രകാരം എ.ബി.സി പ്രോഗ്രാമിൽ സ്റ്റെറിലൈസേഷൻ, ആന്റി-റാബീസ് വാക്സിനേഷൻ, Deworming, നായയ്ക്ക് അഞ്ച് ദിവസത്തേക്ക് ഭക്ഷണം നൽകൽ, തെരുവിൽ തിരിച്ച് കൊണ്ടു വിടാൻ സുരക്ഷിതമാണെന്ന് സാക്ഷ്യപ്പെടുത്തൽ എന്നിവയെല്ലാം ഉൾക്കൊള്ളുന്നു. വിനിയോഗ സാക്ഷ്യപത്രം, ചെലവിന്റെ വിശദാംശങ്ങൾ എന്നിവയുടെ അഭാവത്തിൽ ചെലവ് തുക 210000-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ബ) മുട്ട കോഴിക്കുഞ്ഞ് വിതരണം (വനിത)

| പ്രോജക്റ്റ് നമ്പരും പേരും | 126-മുട്ടകോഴിക്കുഞ്ഞ് വിതരണം (വനിത) |
|---|---|
| അടങ്കൽ തുക | 611200- (371200(പൊതു)+240000-(മറ്റു) |
| ചെലവു തുക | 239540- (മറ്റു) |

തൻവർഷം പ്രസ്തുത പദ്ധതിക്കായി രസീതു പ്രകാരം 414700/- രൂപ (580*715) ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ ചെലവു പത്രിക പ്രകാരം 239540/- രൂപ ഗുണഭോക്തൃ വിഹിതം മാത്രമാണ് പദ്ധതിച്ചെലവ്.

പദ്ധതി ചെലവിന്റെ രേഖകൾ ആവശ്യപ്പെട്ടും, ഗുണഭോക്തൃ വിഹിതം മാത്രം ചെലവു ചെയ്ത് പദ്ധതി നടപ്പാക്കിയതിന് വിശദീകരണം എന്നിവ ആവശ്യപ്പെട്ട് നല്കിയ അന്വേഷണക്കുറിപ്പിന് (42/2-4-22) ലഭ്യമാക്കിയ മറുപടി പ്രകാരം 715 ഗുണഭോക്താക്കൾക്കാണ് മുട്ടക്കോഴിക്കുഞ്ഞുങ്ങളെ നല്കിയതെന്നും പഞ്ചായത്തിൽ വികസനഫണ്ട് ഇല്ലാതിരുന്നതിനാൽ ഗുണഭോക്തൃ വിഹിതം ആനുപാതികമായി ചെലവഴിച്ചു എന്നും അറിയിച്ചു.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും പദ്ധതി ആവിഷ്കരിച്ചതിനനുസൃതമായി പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതവും വികസന ഫണ്ടും ഉൾപ്പെടുത്തി പദ്ധതി പൂർത്തിയാക്കി അറിയിക്കേണ്ടതാണ് .

## 1-15 എ ഇ ഓഫീസിന് വാഹന സൌകര്യം ഏർപ്പെടുത്തൽ- കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. | 227/21 |
| പ്രോജക്റ്റിന്റെ പേര് | വെമ്പായം ഗ്രാമ പഞ്ചായത്ത് മരാമത്ത് പ്രവർത്തനങ്ങൾക്ക് വാഹന സൌകര്യം ഏർപ്പെടുത്തൽ |
| അടങ്കൽ | 280000 |
| ചെലവ് | 210789 |
| ഫണ്ടിനം | തനതു ഫണ്ട് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |

പദ്ധതി പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിലേക്ക് വാഹനം കരാർ അടിസ്ഥാനത്തിൽ ഉപയോഗിച്ചതിന് കരാറുകാരനായ ബിനു കുമാറിന് 210789/- രൂപ നൽകിയിട്ടുണ്ട് . 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30000/- രൂപയ്ക്ക് മുകളിൽ പേയ്മെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട് . ശ്രീ ബിനു കുമാറിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/30-3-22) ആദായ നികുതി ഈടാക്കിയിട്ടില്ല എന്ന മറുപടി നൽകിയിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ് .

## 1-16 COVID-19 – ആർട്ട്കോയിൽ നിന്നു വാങ്ങിയ കട്ടിലുകളുടെ വിനിയോഗം.

വൌച്ചർ നം.22000759/08-10-20 പ്രകാരം 'Expenses Related To Pandemic/Epedemic Control' എന്ന ശീർഷകത്തിൽ (ചെക്ക് നം.10478/08-10-20) 137399/-രൂപ ചെലവുണ്ട്. 25 04-08-20യിലെ 1-6ാം നം. തീരുമാനം പ്രകാരം 25 കട്ടിലുകൾ സ്റ്റോക്കിൽ ചേർത്ത് IQC ൽ സൂക്ഷിച്ചിട്ടുള്ളത് ദുരന്ത നിവാരണ അതോറിറ്റിയുടെ അനുമതി നേടിയ ശേഷം തുടർ പ്രവർത്തനം നടത്തിയാൽ മതിയെന്ന് തീരുമാനിച്ചിട്ടുണ്ട്.

കട്ടിലുകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് നല്കിയ 39/02-04-22 നമ്പർ അന്വേഷണക്കുറിപ്പിന് കോവിഡ് രണ്ടാം ഘട്ട വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഡൊമിസിലറി കെയർ സെന്ററായ (DCC) കമ്മ്യൂണിറ്റി ഹാളിൽ 25 കട്ടിലുകൾ സജ്ജീകരിച്ചു. നിലവിൽ 24 കട്ടിലുകൾ DCCയിലും ഒരെണ്ണം വാക്സിനേഷൻ പ്രക്രീയക്കായി എഫ്.എച്ച്.സിയിലും സൂക്ഷിച്ചിട്ടുണ്ടെന്ന മറുപടി ലഭിച്ചു. കട്ടിലുകൾ കാലപ്പഴക്കത്തിൽ നശിച്ചു പോകാതെ സർക്കാർ നിർദ്ദേശങ്ങൾക്കു വിധേയമായി ഉപയോഗപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 ഹോമിയോ ആശുപത്രിക്ക് മരുന്ന്-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പദ്ധതി നമ്പർ | : 138 |
| പദ്ധതിയുടെ പേര് | : ഹോമിയോ ആശുപത്രിക്ക് മരുന്ന് - ജനറൽ |
| അടങ്കൽ തുക | : 3,00,000/- |
| ചെലവ് തുക | : 3,00,000/- |
| ഫണ്ടിനം | : മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ബിൽ നമ്പർ, തീയതി | : 02/2020-21, 23.10.2020 |
| നിർവ്വഹണം | : മെഡിക്കൽ ഓഫീസർ, (ഹോമിയോ) |

1. ഹോംകോയുമായി സമയപരിധി നിഷ്കർഷിച്ച് കരാമർ ചമച്ചിട്ടില്ല. (എൻക്വയറി 3 നുള്ള മറുപടി)

2. മരുന്നുകളുടെ വിലയായ 300000/- രൂപ ഹോംകോക്ക് 23.10.2020-ൽ നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായത് ചുവടെ വിവരിക്കുന്ന പ്രകാരം 17.01.2022-ൽ മാത്രമാണ്.

| | ബിൽ നമ്പർ | തീയതി | തുക |
|---|---|---|---|
| 1. | എൽ.എഫ്.2251 | 17.01.2022 | 2,47,200 |
| 2. | എൽ.എഫ്.430 | 01.06.2021 | 52,781 |
| | | ആകെ | 2,99,981/- |

3. നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് നമ്പർ 620/ഇ2/2021/ഡി.എം.റ്റി പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ, ഹോമിയോ നൽകിയത് 11.08.2021-ൽ ആണ്. എന്നാൽ അതിനും മുൻപ് തന്നെ മരുന്നുകളുടെ വിലയായ മൂന്ന് ലക്ഷം രൂപ 2/2020-21, 23.10.2020 പ്രകാരം നൽകിയിട്ടുണ്ട്. ആരോഗ്യരംഗത്തെ പദ്ധതികൾ സമയബന്ധിതമായും നിയമാനുസൃതമായും നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 പാലിയേറ്റീവ് കെയർ - വയോജനക്ഷേമം മരുന്ന് വിതരണം -അപാകങ്ങൾ

| | |
|---|---|
| പദ്ധതി നമ്പർ | : 173 |
| പദ്ധതിയുടെ പേര് | : പാലിയേറ്റീവ് കെയർ - വയോജനക്ഷേമം മരുന്ന് വിതരണം |
| അടങ്കൽ തുക | : 1,00,000/- |
| ചെലവ് തുക | : 1,00,000/- |
| ഫണ്ടിനം | : മെയിന്റനൻസ് ഫണ്ട് |
| ബിൽ നമ്പർ, തീയതി | : 03/2020-21/05.11.2020 |
| നിർവ്വഹണം | : മെഡിക്കൽ ഓഫീസർ (ഹോമിയോ) |

ഹോംകോക്ക് മരുന്നുകളുടെ വില 05.11.2020-ൽ നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായത് ചുവടെ വിവരിക്കുന്ന പ്രകാരം 16.12.2021-ൽ മാത്രമാണ്.

| | ബിൽ നമ്പർ | തീയതി | തുക |
|---|---|---|---|
| 1. | എൽ.എഫ്.1361 | 22.09.2021 | 50,567/- |
| 2. | എൽ.എഫ്.1922 | 16.12.2021 | 49,433/- |
| | | ആകെ | 1,00,000/- |

ആരോഗ്യരംഗത്തെ പദ്ധതികൾ സമയബന്ധിതമായും നിയമാനുസൃതമായും നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- അപാകങ്ങൾ

| | |
|---|---|
| പദ്ധതി നമ്പർ | 175/21 |
| പദ്ധതിയുടെ പേര് | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ തുക | 12,00,000/ |
| ചെലവ്തുക | 12,00,000/- |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് |
| ബിൽ നമ്പർ തീയതി, തുക | 36/2020-21 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |

21.04.2020 ൽ തുക നൽകിയെങ്കിലും 31.10.2020 മുതൽ 13.01.2022 വരെയുള്ള തീയതികളിൽ മാത്രമാണ് മരുന്നുകൾ പൂർണമായി ലഭ്യമായിരിക്കുന്നത്.സ്റ്റോർ റൂം ലഭ്യതയില്ലാത്തതും കോവിഡുമാണ് കാലതാമസത്തിന് കാരണമെന്ന് അറിയിച്ചിട്ടുണ്ട് (എൻക്വയറി7നുള്ള മറുപടി). ആരോഗ്യരംഗത്തെ പദ്ധതികൾ സമയബന്ധിതമായും നിയമാനുസൃതമായും നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് മരുന്നു വാങ്ങി നൽകൽ -അപാകങ്ങൾ

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം നടപ്പിലാക്കിയിരിക്കുന്ന തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രകൾക്ക് മരുന്നു വാങ്ങി നൽകിയ നടപടികളിൽ ശ്രദ്ധയിൽപ്പെട്ട

അപാകങ്ങൾ

| ക്രമ നം. | പദ്ധതി നം. | പദ്ധതിയുടെ പേര് | അടങ്കൽ/ ഫണ്ടിനം | ചെലവ് | ബിൽ നം./തീയതി |
|---|---|---|---|---|---|
| 1. | 10/21 | തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് മരുന്ന് വാങ്ങി നൽകൽ | 900000 മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 900000 | 2/2020 തീയതി 12.06.2020 |
| 2. | 234/21 | തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് മരുന്ന് വാങ്ങി നൽകൽ | 200000 | 200000 | 5/2020 തീയതി 07.07.2020 |

(1) മേൽ പ്രോജക്ടുകളിൽ മരുന്ന് വിതരണക്കാരായ ഇൻഹൗസ് ഡ്രഗ് ബാങ്കുമായി മരുന്നുകൾ ലഭ്യമാക്കേണ്ട സമയപരിധി, മറ്റ് വ്യവസ്ഥകൾ എന്നിവ ഉൾപ്പെടുത്തി കരാർ ചമച്ചിട്ടില്ല.

(2) മരുന്നുകൾക്കുള്ള വില നൽകി മാസങ്ങൾക്ക് ശേഷം മാത്രമാണ് മരുന്നുകൾ പൂർണ്ണമായി ലഭ്യമാകുന്നത്.

ഉദാ: ക്രമ നമ്പർ (1) പ്രകാരമുള്ള തുക 900000/- രൂപ 12.06.2020 ന് നൽകിയെങ്കിലും 02.02.2021 ന് മാത്രമാണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായത്. ക്രമ നമ്പർ (2) പ്രകാരം 07.07.2020-ൽ തുക നൽകിയെങ്കിലും 20.12.2021 ന് മാത്രമാണ് പൂർണമായും ലഭ്യമായത്. സമയക്രമം നിഷ്കർഷിച്ച കരാറിന്റെ അഭാവത്തിൽ ആയത് പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 23 ന് മറുപടിയിൽ കോവിഡ് സാഹചര്യവും, മുഴവൻ മരുന്നുകളും സ്റ്റോക്ക് ചെയ്യുന്നതിനുള്ള അസൗകര്യവും അറിയിച്ചിട്ടുണ്ട്.

ആരോഗ്യപരിപാലന രംഗത്തെ പദ്ധതികൾ സമയബന്ധിതവും ജനങ്ങൾക്ക് അവശ്യ സമയത്ത് ഉപയോഗ പ്രദവുമായ രീതിയിൽ ക്രമീകരിച്ച് നടപ്പാക്കേണ്ടതാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-21 വീട് മെയിന്റനൻസ് എസ്.സി - പൂർത്തിയാക്കിയിട്ടില്ല.

| | |
|---|---|
| പദ്ധതി നമ്പർ | 103/20-21 |
| പദ്ധതിയുടെ പേര് | വീട് മെയിന്റനൻസ് എസ്.സി |
| അടങ്കൽ തുക | 1490857 |
| ചെലവ് തുക | 1209211 |
| ഫണ്ടിനം | വികസന ഫണ്ട് എസ്.സി.പി, തനതു ഫണ്ട് |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

പരിശോധനയ്ക്ക് ഹാജരാക്കിയ രജിസ്റ്റർ പ്രകാരം ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണ പ്രവർത്തനം ( എസ്.സി) പദ്ധതി നാളിതു വരെ പൂർത്തിയാക്കിയിട്ടില്ല. കരാർ വ്യവസ്ഥയിലെ രണ്ടാം നിബന്ധന പ്രകാരം കരാറിൽ ഏർപ്പെട്ട് ഒരു മാസത്തിനകം പദ്ധതി പ്രകാരമുള്ള ഭവന പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാത്ത പക്ഷം ധനസഹായമായി ലഭിച്ച തുക മുഴവനും 12% പലിശ സഹിതം തിരിച്ചടയ്ക്കേണ്ടതാണെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരാറിൽ വീഴ്ച്ച വരുത്തിയ ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾക്കെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം ലഭ്യമാക്കണമെന്ന് താൽപര്യപ്പെടുന്നു.

| പേര് | വാർഡ് | മേൽവിലാസം | തുക/കൈപ്പറ്റിയ തീയതി |
|---|---|---|---|
| ബിന്ദു എസ് | അയിരൂർപ്പാറ | ശ്രുതി ഭവൻ, കല്ലൂർക്കോണം | 50000/28.09.2019 |
| ഷീല | മുളങ്കാട് | കൊരമൂട്ടിൽ വീട് കണക്കോട് | 50000/-18.10.19 |

| പേര് | വാർഡ് | മേൽവിലാസം | തുക/കൈപ്പറ്റിയ തീയതി |
|---|---|---|---|
| തങ്കമണി പി | തേക്കട | ജിജിൻ ഭവൻ ഓടൽവള്ളിക്കോണം | 50000/-18.10.19 |
| കൊച്ചുകൃഷ്ണൻ എ | കണക്കോട് | കാളിക്കോണത്ത് കോളനി വീട് | 50000/-18.10.19 |
| ഷിബി ബി | പെരുംകൂർ | എ എസ് ഭവൻ, ഉടയൻപാറക്കോണം | 50000/-15.02.20 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 40 ന് മറുപടി ലഭ്യമായിട്ടില്ല. ആയത് എത്രയും വേഗം ലഭ്യമാക്കേണ്ടതാണ്.

## 1-22 രസീതുകൾ ഒപ്പില്ലാതെ വിതരണം ചെയ്തിരിക്കുന്നു

കൃഷി ഓഫീസർ രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ ജാഗ്രതക്കുറവ് ഉണ്ടായിട്ടുണ്ട്.
(ചുവടെ പറയുന്ന രസീതുകൾ ഒപ്പില്ലാതെ വിതരണം ചെയ്തിരിക്കുന്നു).

| ക്രമ നം. | രസീത് ബുക്ക് നം. | രസീത് നം. |
|---|---|---|
| 1 | 7631 | രസീതുകൾ 1,2,4 മുതൽ 33 വരെ 42 മുതൽ 58 വരെ 60 മുതൽ 74 വരെ 78 മുതൽ 100 വരെ |
| 2 | 7627 | 96 മുതൽ 100 വരെ |
| 3 | 7624 | 71 മുതൽ 76 വരെ 86 മുതൽ 100 വരെ |
| 4 | 7626 | 1, 2<br>10, 11<br>17 മുതൽ 20 വരെ |
| 5 | 7632 | 1, 2<br>4 മുതൽ 35 വരെ<br>35 മുതൽ 100 വരെ റദ്ദ് ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നു. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 30 ന് ഇത്തരം അപാകങ്ങൾ ഭാവിയിൽ ആവർത്തിക്കുകയില്ലെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-23 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013 മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്ത് നാളിതുവരെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വിവിധ മരാമത്ത് പ്രവൃത്തികൾക്കായി ചെലവഴിക്കുന്ന ഫണ്ട് പൊതു ആസ്തിയായി മാറുന്നുണ്ടോയെന്നതിൽ അവ്യക്തതയുണ്ടാകുന്നു. പദ്ധതി മാർഗരേഖ [സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്/ റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-24 റോഡ് കണക്ടിവിറ്റി പ്ലാൻ , മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

കേരള പഞ്ചായത്ത്‌രാജ് ആക്ട് വകുപ്പ് 169 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നത് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്തമാണ്. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011-ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം

പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ നിയമം അനുശാസിക്കുന്ന രീതിയിൽ റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാൻ, റോഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/30-3-22 ന് ലഭ്യമാക്കിയ മറുപടിയിൽ റോഡ് കണക്റ്റിവിറ്റി മാപ്പിംഗിന്റെ അവസാന ഘട്ടത്തിലാണെന്ന് അറിയിച്ചിട്ടുണ്ട് . തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-25 ഇ എം എസ് ഭവന പദ്ധതിയുടെ ബാലൻസ് തുക ലൈഫ് പദ്ധതി അക്കൗണ്ടിലേക്ക് മാറ്റുന്നത്-തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

18-2-21 ലെ അജണ്ട 2 തീ. 7 പ്രകാരം വെമ്പായം ഗ്രാമപഞ്ചായത്തിലെ പ്രസിഡന്റിന്റെയും വി ഇ ഒ യുടെയും പേരിൽ വെമ്പായം സർവ്വീസ് സഹകരണ ബാങ്കിൽ ഇ.എം.എസ് അക്കൗണ്ടിൽ ( അക്കൗണ്ട് നം 452 ) ബാക്കി തുകയായി 993300/- രൂപ നിൽക്കുന്നുവെന്നും നിലവിൽ ഇ.എം.എസ് ഭവന പദ്ധതി പൂർത്തീകരിച്ചിരിക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള ഭവന പദ്ധതിയായ ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് അവസാന ഗഡു നൽകുന്നതിനായി ഗ്രാമപഞ്ചായത്തിന് തുക ആവശ്യമുള്ളതിനാൽ പ്രസ്തുത അക്കൗണ്ട് ക്ലോസ് ചെയ്ത് വെമ്പായം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് തുക മാറ്റുന്നതിന് നടപടി സ്വീകരിക്കാൻ സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടുണ്ട്. ടി തുക പഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റായതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 14/30-3-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക വരവ് വെച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-26 സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയില്ല.

16-11-2013 ലെ സർക്കാർ ഉത്തരവ് നമ്പർ 362/2013/തസ്വഭവ ഖണ്ഡിക 11.3 Xii (ഇ) യിലും 29-1-2018 ലെ 11/2018/ തസ്വഭവ നമ്പരിലുള്ള പദ്ധതി മാർഗനിർദ്ദേശത്തിലും സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ വർഷം തന്നെ പൂർത്തീകരിയ്ക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗ സ്ഥനായ 2019-20 വർഷം അംഗീകരിച്ച് താഴെ പറയുന്ന സ്പിൽ ഓവർ പദ്ധതികൾ 2020-21 വർഷം നടപ്പിലാക്കിയിട്ടില്ല .

| ക്രമ നം | പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | അടങ്കൽ തുക |
|---|---|---|---|
| 2 | 26/21 | ചീരാണിക്കര എൽ പി എസ് മെയിന്റനെൻസ് | 200000 |
| 4 | 33/21 | സ്കൂൾ ടോയ്‌ലെറ്റ് നിർമ്മാണം | 260000 |
| 6 | 36/2`1 | റോഡുകൾക്ക് കണക്റ്റിവിറ്റി പ്ളാൻ തയ്യാറാക്കൽ | 50000 |
| 7 | 38/21 | വട്ടപ്പാറ അങ്കണ വാടി വൈദ്യുതീകരണം | 75000 |
| 8 | 62/21 | ലക്ഷം വീട് കോളനി സമഗ്ര വികസനം | 600000 |
| 9 | 63/21 | പഞ്ചായത്തിൽ വാർഡുതല മിനി എം സി എഫുകളും നിലവിലുള്ള എം സി എഫിന്റെ നവീകരണവും | 1792400 |
| 10 | 64/21 | കളക്ലേഴ്സ് @ സ്കൂൾ | 207600 |

മേൽ പ്രകാരമുള്ള വിവരങ്ങൾ ലഭ്യമാക്കേണ്ടതും പദ്ധതികൾ ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കോവിഡ് കാരണമാണ് പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ വന്നതെന്നാണ് മറുപടി നൽകിയിട്ടുള്ളത്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്. സർക്കാർ നിർദ്ദേശം പാലിച്ച് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-27 വാതക ശ്മശാന നിർമ്മാണം പൂർത്തിയായിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. | 69/21 |

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ശ്മശാന നിർമ്മാണം |
| അടങ്കൽ | 11000000 |
| ചെലവ് | 3327134 |
| ഫണ്ടിനം | ബ്ളോക്ക് വിഹിതം, തിരുവനന്തപുരം കോർപ്പറേഷൻ വിഹിതം |
| ബിൽ നം. | 28/19-8-20 തുക 1400000<br>92/30-3-21 തുക 1127134<br>91/30-3-21 തുക 800000 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| ഓഡിറ്റ് എൻക്വയറി നം. | 37/2-4-22 |

ഗ്രാമപഞ്ചായത്തിൽ വാതക ശ്മശാനം നിർമ്മിക്കുന്നതിനായി 2019-20 വർഷം ആരംഭിച്ച പ്രവർത്തിക്ക് 10-3-20 ൽ 90/HTG പ്രകാരം സാങ്കേതികാനുമതി ലഭിക്കുകയും 23-3-20 ൽ ഹാബിറ്റാറ്റ് ഗ്രൂപ്പുമായി നിർമ്മാണത്തിൻ കരാറിൽ ഏർപ്പെടുകയും 12-8-20 തിയ്യതിയിലെ HTG /2020-08-780 ഹാബിറ്റാറ്റിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ അടങ്കൽ തുകയുടെ 20% ആയ 1400000/- രൂപ ഹാബിറ്റാറ്റിന് മൊബിലൈസേഷൻ അഡ്വാൻസ് ആയി ബിൽ നം 28 പ്രകാരം നൽകുകയും ചെയ്തു . 20-10-20 ലെ കമ്മറ്റി തീരുമാന പ്രകാരം പുതിയ ഇനങ്ങളായ " LPG Burning Crematorium Equipments, Well For Water Supply And Provision For Obtaining Permanent Electric Supply From KSEB " എന്നീ ഇനങ്ങൾ കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യതിന് അംഗീകാരം നൽകുകയും ( അടങ്കൽ – 11000000) പദ്ധതിയുടെ പൂർത്തീകരണ കാലാവധി മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ 19-8-20 മുതൽ 18 മാസമായി നീട്ടി നൽകുകയും ചെയ്തിട്ടുണ്ട് ( 18-2-22 ലെ 2(12) തീരുമാന പ്രകാരം) . പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു .

1. 24-2-21 ന് ഹാബിറ്റാറ്റ് ഗ്രൂപ്പുമായി ഏർപ്പെട്ട സപ്ളിമെന്ററി കരാർ പ്രകാരം ഫെബ്രുവരി 2022-ന് പ്രവർത്തി പൂർത്തീകരിക്കേണ്ടതുണ്ട്. എന്നാൽ 2-4-22 ന് നടത്തിയ സ്ഥല പരിശോധനയിൽ ശ്മശാനത്തിന്റെ സ്ട്രക്ചർ മാത്രം പൂർത്തിയാക്കിയതായാണ് കാണാൻ കഴിഞ്ഞത് . എസ്റ്റിമേറ്റ് പ്രകാരമുള്ള കിണർ നിർമ്മാണം ആരംഭിച്ചിട്ടുമില്ല .
2. ബിൽ നം. 92/ 3—3-21 പ്രകാരമുള്ള ചെലവിനാധാരമായ വർക്ക് ബിൽ പരിശോധിച്ചതിൽ ടി ബിൽ തുകയിൽനിന്നും നിന്നും ബിൽ നം 28/19-8-20 പ്രകാരം അനുവദിച്ച മൊബിലൈസേഷൻ അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല .
3. ബിൽ നം 91/30-3-21 പ്രകാരം നൽകിയ തുകയുടെ വർക്ക് ബിൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല .
4. ശ്മശാനം നിർമ്മിക്കുന്ന ഭൂമി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല .
5. വാതക ശ്മശാനം ആരംഭിക്കുന്നതിന് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള നിരാക്ഷേപ പത്രം ലഭ്യമാക്കിയിട്ടില്ല .

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല . മേൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ സമയബന്ധിതമായി തീർത്ത് എല്ലാ ചെലവ് വിവരങ്ങളും ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ് .

## 1-28 ജനറൽ കമ്മറ്റി മിനിട്ട്സ് തീരുമാനങ്ങൾ - തുടർ നടപടികൾ.

വെട്ടുപാറ വാർഡിൽ തേക്കട നെട്ടയക്കോട് വീട്ടിൽ ശ്രീ.വിജയൻ റ്റി. എന്നയാൾക്ക് EMS ഭവന നിർമാണം 11-12 വർഷത്തെ "SCവിഭാഗക്കാർക്ക് വീടു വയ്ക്കുന്നതിന് സ്ഥലം വാങ്ങി നല്കൽ" പദ്ധതി പ്രകാരം 30-03-12ന് 3 സെന്റ് സ്ഥലം ടിയാന്റെ പേരിൽ രജിസ്റ്റർ ചെയ്തു വാങ്ങിയതിനു ഗ്രാമ പഞ്ചായത്ത് 150000/-രൂപ പ്ലാൻ ഫണ്ട് SCP-യിൽ നിന്ന് ധനസഹായം നല്കി. തുടർന്ന് ടിയാന്റെ ഭാര്യ ശ്രീമതി ഉഷയ്ക്ക് ടി വസ്തുവിൽ വീടു വയ്ക്കുന്നതിന് 2012-13ൽ IAY പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. പണി പൂർത്തീകരിക്കാത്തതിനാൽ LIFE ഭവന പദ്ധതി ഒന്നാം ഘട്ടം 'പണി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം' പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 വർഷം 50000/-രൂപ അനുവദിച്ച് ഭവന നിർമാണം പൂർത്തിയാക്കിയിട്ടുള്ളതാണ്. എന്നാൽ ടിയാൻ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് സ്ഥലം വിൽക്കേണ്ടി വന്നിട്ടുള്ളതും പ്രസ്തുത സാഹചര്യം കമ്മറ്റിക്കു ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാന് അനുവദിച്ച ആനുകൂല്യവും പലിശയും ചേർന്ന തുക തിരിച്ചടയ്ക്കുന്നതിന് സർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനു 27-05-2020ലെ 1-4ാം നമ്പരായി തീരുമാനിച്ചു.

മേൽ തീരുമാനത്തിന്മേൽ എടുത്ത തുടർ നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.

9/25-03-22 ന് ശ്രീ.വിജയൻ റ്റി., നെട്ടയക്കോട് വീട്, നെട്ടയക്കോട്, വെമ്പായം എന്നയാൾ നിലവിൽ പ്രസ്തുത വിലാസത്തിൽ താമസമില്ലായെന്നും ശ്രീ.വിജയനെ കണ്ടെത്തുന്ന മുറയ്ക്ക് വിശദാംശങ്ങൾ ലഭ്യമാക്കുന്നതാണെന്നും മറുപടി നല്കി. മേൽ വിഷയത്തിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-29 അങ്കണവാടികളുടെ വിശദവിവരം.

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ ഭൌതീക സാഹചര്യങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.2/23-3-22ക്ക് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 35 അങ്കണവാടികളിൽ 11 എണ്ണം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. പതിമൂന്നാം മാർഗ്ഗരേഖ ഖണ്ഡിക 7.8.2ൽ എല്ലാ നിഷ്കർഷ പ്രകാരം എല്ലാ അങ്കണവാടികൾക്കും സ്വന്തമായി ഭൂമിയും കെട്ടിടവും അടിസ്ഥാന സൌകര്യങ്ങളും ലഭ്യമാക്കേണ്ടതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. എല്ലാ അങ്കണവാടികൾക്കും വൈദ്യുതി, ഗ്യാസ് കണക്ഷൻ എന്നിവ ലഭ്യമാണ്. സ്വന്തമായി കിണറുള്ള 7 അങ്കണവാടികളുൾപ്പെടെ 28 അങ്കണവാടികൾക്കാണ് പൈപ്പ് കണക്ഷനുള്ളത്. Cനം. 29, 34 അങ്കണവാടികളിലെ കിണറ്റിൽ ഓരുവെള്ളമായതിനാൽ ഉപയോഗ യോഗ്യമല്ല. നം.15-വാഴയ്ക്കാട് അങ്കണവാടിക്ക് ചുറ്റുമതിൽ ഇല്ല. എല്ലാ അങ്കണവാടികൾക്കും സ്വന്തമായി ടോയ്ലറ്റ് ഉണ്ടെങ്കിലും ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് ഇല്ല. സ്മാർട്ട് അങ്കണവാടിയായി Cനം.5 മുളങ്കാട് അങ്കണവാടിക്ക് തറക്കല്ലിട്ടു.

അങ്കണവാടികളുടെ ഫിറ്റ്നെസ്സ് സാക്ഷ്യപത്രം, 20-21 വർഷം ന്യൂട്രിമിക്സ് ഫുഡ് ടെസ്റ്റ് നടത്തിയതിന്റെ ലാബ് റിപ്പോർട്ട്, ഭിന്നശേഷിക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ എന്നിവ ലഭ്യമാക്കണമെന്ന് അന്വേഷണക്കുറിപ്പിൽ ആവശ്യപ്പെട്ടുവെങ്കിലും ആയവ ലഭ്യമാക്കിയില്ല. മേൽ രേഖകൾ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-30 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- 4043808 രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു.

തൻവർഷം സെക്രട്ടറി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

| ക്രമ നം. | പദ്ധതിയുടെ നമ്പരും പേരും | പദ്ധതി നടപ്പാക്കിയ ഏജൻസി | അടങ്കൽ തുക | ചെലവു തുക | ബിൽ നമ്പർ |
|---|---|---|---|---|---|
| 1 | 2-ഐ.കെ.എം.നുള്ള വിഹിതം | IKM | 243808-(പൊതു) | 243808- | 9/08-06-20 |
| 2 | 214- തിരുവനന്തപുരം മെഡിക്കൽ കോളജിൽ മാലിന്യ സംസ്കരണ സംവിധാനം | | 100000-(ധന) 800000-(മറ്റു) | 100000- | 31/16-02-21 |
| 3 | 253- ചേലൂർ കരുപ്പംമുകൾ കുന്നിൻഭാഗം കുഴൽകിണർ | ഭൂഗർഭ ജല അതോറിറ്റി | 500000-(ധന) | 500000- | 27/11-12-20 |
| 4 | 270-വെമ്പായം ഗ്രാമപഞ്ചായത്ത് സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ | KSEB | 400000-(ധന) | 400000- | 33/25-03-21 |
| 5 | 277- കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (വിവിധ വാർഡുകളിൽ) | KWA | 2800000-(ധന) | 2800000- | 28/12-02-21 |
| | ആകെ | | | 4043808/- | |

മേൽ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തുക 4043808/- രൂപ തടസ്സപ്പെടുത്തുന്നു. ആയതു ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നം. 35/25-03-22 ന് വിനിയോഗ വിവരം ലഭ്യമാക്കുന്നതിനു കത്തു നല്കിയിട്ടുണ്ടെന്നു മറുപടി നല്കി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകളുടെ വിശദാംശം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | വരവ് | പ്രൊജക്ടിന്റെ പേര് | ചെലവു പത്രിക പ്രകാരം അടങ്കൽ വകയിരുത്തിയ തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 515775 | 4187107 | 287 ലൈഫ് ഭവന പദ്ധതി എസ്.സി) 2 പേർക്ക് തുക വകയിരുത്തൽ | 160000 | 0 | |
| | | | 67 ലൈഫ് പദ്ധതി (ജനറൽ) | 14923671 | 3042357 | |
| | | | 76 ലൈഫ് പദ്ധതി (എസ്.സി) | 100000 | 100000 | |
| | | | 79 ലക്ഷം വീട്ഭവന പുനരുദ്ധാരണം (ജനറൽ) | 1440000 | 720000 | |
| | | | 122 ലക്ഷം വീട് ഭവന പുനരുദ്ധാരണം (എസ് സി) | 300000 | 150000 | |
| | | | 251 ലൈഫ് ഭവന നിർമ്മാണം (എസ് സി) രണ്ടാം ഘട്ടം പുതിയ ഗുണഭോക്താക്കൾക്ക് ധനസഹായം | 600000 | 0 | |
| | | | 83 സ്നേഹസ്പർശം | 669750 | 0 | |
| | | | 144 ക്ഷീര സമൃദ്ധി (പാലിനു സബ്സിഡി) | 100000 | 99750 | |
| | | | 87 ക്ഷീര സമൃദ്ധി (പാലിനു സബ്സിഡി) | 124000 | 124000 | |
| | | | 73 പാഥേയം | 122640 | 0 | |
| | | | 169 പാഥേയം | 1080000 | 0 | |
| | | | 166 ശിശു സൌഹൃദ പഞ്ചായത്ത്തല പ്രവർത്തനങ്ങൾ | 50000 | 0 | |
| | | | 209 ജനകീയ ഹോട്ടൽ | 30000 | 0 | |
| | | | 255 ന്യൂ ലൈഫ് പെരുംകുർ ലക്ഷം വീട് കോളനി ഭവന പുനരുദ്ധാരണം (ജനറൽ) | 480000 | 0 | |
| | | | 252 ന്യൂ ലൈഫ് പെരുംകുർ ലക്ഷം വീട് കോളനി ഭവന പുനരുദ്ധാരണം (ജനറൽ) | 700000 | 0 | |
| | | | 46 കിണർ റീച്ചാർജ്ജിംഗ് (ജനറൽ) | 4320 | 0 | |
| | | | 48 ഹരിത ഭവനം | 8510 | 0 | |
| | | | 170 കേദാരം സമഗ്ര നെൽകൃഷി വികസന പദ്ധതി (കൊഞ്ചിറ | 102000 | 51000 | |

| | | | | | | |
|---|---|---|---|---|---|---|
| | | | പാടശേഖര സമിതി മുഖേന) | | | |
| | | | 257 ലൈഫ് ഭവന നിർമ്മാണം (ജനറൽ) രണ്ടാം ഘട്ടം പുതിയ ഗുണഭോക്താക്കൾക്ക് ധനസഹായം | 550000 | 0 | |
| | | | 196 വയോക്ലബ് പ്രവർത്തനങ്ങൾ | 18000 | 0 | |
| | | | 62 ലക്ഷം വീട് കോളനി സമഗ്ര വികസനം | 550000 | 0 | |
| ആകെ | 515775 | 4187107 | | 22112891 | 4287107 | 415775 |
| ബ്ലോക്ക് പഞ്ചായത്ത് | 921785 | 7619964 | 46 കിണർ റീച്ചാർജ്ജിംഗ് (ജനറൽ) | 17280 | 14400 | |
| | | | 49 നെൽകൃഷി വികസന പദ്ധതി (കൊഞ്ചിറ പാടശേഖര സമിതി മുഖേന) | 29750 | 29750 | |
| | | | 170 കേദാരം സമഗ്ര നെൽകൃഷി വികസന പദ്ധതി (കൊഞ്ചിറ പാടശേഖര സമിതി മുഖേന) | 102000 | 0 | |
| | | | 67 ലൈഫ് പദ്ധതി (ജനറൽ) | 5000000 | 4000000 | |
| | | | 76 ലൈഫ് പദ്ധതി (എസ് സി) | 20000 | 20000 | |
| | | | 79 ലക്ഷം വീട് ഭവന പുനരുദ്ധാരണം (ജനറൽ) | 480000 | 480000 | |
| | | | 122 ലക്ഷം വീട് ഭവന പുനരുദ്ധാരണം (എസ് സി) | 120000 | 120000 | |
| | | | 255 ന്യൂ ലൈഫ് പെരുംകുഴ ലക്ഷം വീട് കോളനി ഭവന പുനരുദ്ധാരണം (എസ് സി) | 160000 | 0 | |
| | | | 252 ന്യൂ ലൈഫ് പെരുംകുഴ ലക്ഷം വീട് കോളനി ഭവന പുനരുദ്ധാരണം (ജനറൽ) | 200000 | 0 | |
| | | | 251 ലൈഫ് ഭവന നിർമ്മാണം (എസ് സി) രണ്ടാം ഘട്ടം പുതിയ ഗുണഭോക്താക്കൾക്ക് ധനസഹായം | 400000 | 0 | |
| | | | 83 സ്നേഹസ്പർശം | 669750 | 669750 | |
| | | | 273 ടേക്ക് എ ബ്രേക്ക് ടോയിലെറ്റ് കോംപ്ലക്സ് | 500000 | 372808 | |
| | | | 69 ശ്മശാനം നിർമ്മാണം | 3207966 | 1400000 | |
| | | | 209 ജനകീയ ഹോട്ടൽ | 60000 | 0 | |
| | | | 229 പാലിയേറ്റീവ് കെയർ | 100000 | 100000 | |
| | | | 144 ക്ഷീര സമൃദ്ധി (പാലിനു സബ്സിഡി) | 500000 | 250000 | |
| | | | 257 ലൈഫ് ഭവന നിർമ്മാണം (ജനറൽ) രണ്ടാം ഘട്ടം പുതിയ ഗുണഭോക്താക്കൾക്ക് ധനസഹായം | 500000 | 0 | |
| | | | 287 ലൈഫ് ഭവന പദ്ധതി എസ് സി) 2 പേർക്ക് തുക വകയിരുത്തൽ | 160000 | 0 | |
| | | | 196 വയോക്ലബ് പ്രവർത്തനങ്ങൾ | 18000 | 0 | |
| | | | 87 ക്ഷീര സമൃദ്ധി (പാലിനു സബ്സിഡി) | 183256 | 183256 | |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | 921785 | 7619964 | | 12428002 | 7639964 | 901785 |

## 4-2 നിക്ഷേപ പ്രവ്യത്തികൾക്ക് നൽകിയ തുകയുടെ വിവരം.

| നിർവ്വഹണ ഏജൻസി | പ്രവ്യത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| KWA | Pipe Line Extension | 2800000 | - |
| KSEB | Street Main Extension | 413700 | - |

സുലേഖ പത്രിക പ്രകാരം തുക ചെലവായി കാണിച്ചിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

2020-21 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിവരം.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | വരവ് | ആകെ | തിരിച്ചടച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | 72492941 | 6280000 | 78772941 | 6320941 | 72452000 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്ജ് / സർചാർജജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 53455943 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 141003749 |
| ആകെ | : | 194459692 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 156008214 |
| നീക്കിയിരിപ്പ് | : | 38451478 |
| വരവിനങ്ങളുടെ നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4451808 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13-4 | 1,98,000 | സെക്രട്ടറി, സന്തോഷ് കുമാർ ജെ.എസ്., |
| 1-14 | 2,10,000 | ഡോ.സ്പിനോള സി.എൻ., വെറ്റിനറി സർജൻ |
| 1-30 | 40,43,808 | 243808/- റഫീക്ക് ബി., സെക്രട്ടറി |
| | | 3800000/-സന്തോഷ് കുമാർ ജെ.എസ്., സെക്രട്ടറി |
| ആകെ | 44,51,808 | |

(സി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| റഫീക്ക് ബി.,സെക്രട്ടറി | സെക്രട്ടറി | അൽഫജർ, ഗുരുകുലം നഗർ, നം.101,പേരൂർക്കട |
| സന്തോഷ് കുമാർ ജെ.എസ്., സെക്രട്ടറി | സെക്രട്ടറി,വെമ്പായം ഗ്രാമപഞ്ചാ. | ശ്രേയസ്സ്, അമ്പലമുക്ക്, പേരൂർക്കട |
| ഡോ.സ്പിനോള സി.എൻ.,വെറ്റിനറിനറി സർജൻ | വെറ്റിനറിനറി സർജൻ, വെമ്പായം ഗ്രാമപഞ്ചാ. | ഗാഫ് ഹിൽ, ശ്രീകാര്യം പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/947/2018 തീ.31.05.18 | 4 |
| 2004-05 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/947/2018 തീ.31.05.18 | 3 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/947/2018 തീ.31.05.18 | 5 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/947/2018 തീ.31.05.18 | 12 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/947/2018 തീ.31.05.18 | 10 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/947/2018 തീ.31.05.18 | 4 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/947/2018 തീ.31.05.18 | 10 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/947/2018 തീ.31.05.18 | 7 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/947/2018 തീ.31.05.18 | 10 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/947/2018 തീ.31.05.18 | 11 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/947/2018 തീ.31.05.18 | 10 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/947/2018 തീ.31.05.18 | 7 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/947/2018 തീ.31.05.18 | 28 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/947/2018 തീ.31.05.18 | 28 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/190/19 തീ.10.04.19 | 22 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/458/19 തീ.22.05.2020 | 37 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം./ജി.പി.10/1738/21 തീ:08/02/22 | 45 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

എസ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ  
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം  
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്